# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 2 ലക്കം 11 പേജുകൾ 50 ഫെബ്രുവരി 2022



സമകാലികം

സെഹ്ഗാൾ ഓർമ്മചിത്രം

കാർട്ടൂൺ കേരളം

കഥ

കവിത

ചൊൽക്കാഴ്ച

# എഡിറ്റേഴ്സ് പേജ്



ദുരൂഹത നിലനിൽക്കുന്ന വിവിധങ്ങളായ സാഹചര്യങ്ങൾക്ക് കല്ലുപാകിക്കൊണ്ടാണ് പുതുവത്സരത്തിലെ ആദ്യമാസം കടന്നുപോയത്. അതിൽ പ്രധാനം കെ-റെയിൽ തന്നെ. തുടക്കം കുറിച്ചിട്ട് നാളേറെ ആയെങ്കിലും പ്രതിഷേധം കനത്തത് പുതുവത്സരത്തിലാണ്. കെ-റെയിലിന്റെ പിന്നാമ്പുറങ്ങളും ലോകായുക്ത ഓർഡിനൻസുമായി ബന്ധപ്പെട്ട ആശങ്കകളും വിശകലനം ചെയ്യുന്ന 'സമകാലികം' പംക്തി, ഈ ലക്കത്തിൽ വായന ആവശ്യപ്പെടുന്നുണ്ട്. അഞ്ച് സംസ്ഥാനങ്ങളിൽ നടക്കുന്ന നിർണായക തെരഞ്ഞെടുപ്പിന്റെ വിശദാംശങ്ങളും 'സമകാലിക'ത്തിൽ ഫ്രാങ്കോ ലൂയിസ് വസ്തുനിഷ്ഠമായി വിവരിച്ചിട്ടുണ്ട്.

മുണ്ടൂർ കൃഷ്ണൻകുട്ടി എന്ന അതുല്യ പ്രതിഭയുടെ കഥകൾ മലയാളിക്ക് സുപരിചിതമാണ്. 'വ്യാപാരകേരളം' മാസിക ഏർപ്പെടുത്തിയിട്ടുള്ള കഥാപുരസ്കാരം ഇനി മുതൽ മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ പേരിലാണ് അറിയപ്പെടുക. ഈ നാമസ്വീകരണത്തിലൂടെ, അർത്ഥവത്തായ അംഗീകാരത്തിന്റെ ധന്യത പുരസ്കാര ജേതാക്കൾക്ക് അനുഭവവേദ്യമാകും എന്ന നിഗമനത്തിലാണ് എഡിറ്റോറിയൽ ടീം. പ്രിയ കഥാകാരൻ നിരന്തരം സ്മരിക്കപ്പെടേണ്ടതുണ്ട് എന്ന നിർബന്ധവും ഈ നാമ സ്വീകരണത്തിനു പുറകിൽ വർത്തിച്ചിട്ടുണ്ട്. പേര് നിർദേശിച്ച ഇ.ഡി. ഡേവിസിനു നന്ദി.

റിഥം ഓഫ് ലൈഫ്, കാർട്ടൂൺ കേരളം, ചൊൽക്കാഴ്ച, പുസ്തകപരിചയം എന്നിവയോടൊപ്പം കഥകളും കവിതകളും പുതിയ ലക്കത്തിൽ ചേർത്തിട്ടുണ്ട്.

കോവിഡ് രോഗവ്യാപനം ഭീതിദമായിട്ടുണ്ടെങ്കിലും അതിജീവനം എന്ന അടിസ്ഥാനാവശ്യം, അടച്ചുപൂട്ടലിന് തീർത്തും എതിരാണ്. കോവിഡിനൊപ്പം ജീവിക്കാൻ ഏറെക്കുറെ പരിശീലിച്ചുകഴിഞ്ഞിട്ടുണ്ട് ജനത. രോഗവ്യാപനം എന്ന ദുരിതസാഹചര്യം, സ്വയം ഏർപ്പെടുത്തുന്ന ചിട്ടകളിലൂടെ നേരിടുവാൻ ഏവരും തയാറാകേണ്ടതുണ്ട്. അനാവശ്യയാത്രകൾ ഒഴിവാക്കാം. കൂടിച്ചേരലുകൾക്കും താൽക്കാലിക അവധി നൽകാം. രോഗവ്യാപനം തടഞ്ഞ്, പ്രത്യാശയുടെ നാളെയിലേക്കാകട്ടെ നമ്മുടെ യാത്ര.

**-സി.ആർ.രാജൻ,**
എഡിറ്റർ



**മുഖചിത്രം: സാറാ ജോസഫ്**

മലയാള സാഹിത്യത്തിലെ പ്രമുഖ നോവലിസ്റ്റും,ചെറുകഥാകൃത്തും ആക്റ്റിവിസ്റ്റുമാണ് സാറാ ജോസഫ്. കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രധാന സംഘാടകയും പ്രവർത്തകയുമായ സാറാ ജോസഫിന്റെ രചനകളിൽ ആട്ടിയകറ്റപ്പെട്ടവരും സമത്വവും സ്വാതന്ത്ര്യവും നഷ്ടപ്പെട്ടവരുമായ കീഴ്ജാതിക്കാരോടും സ്ത്രീകളോടും ഉള്ള കാരുണ്യവും അതിന് കാരണക്കാരായ അധീശശക്തികളോടുള്ള ചെറുത്തുനിൽപ്പും ദർശിക്കുവാൻ സാധിക്കും. അൻപത്തിഒന്നാമത് ഓടക്കുഴൽ പുരസ്ക്കാരം സാറാജോസഫിനായിരുന്നു.

---


ഓഫീസ്:

**വ്യാപാരകേരളം**

(സമ്പൂർണ്ണ മാസിക)

പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

# കാർട്ടൂൺ കേരളം:

രാജേശ്വരി തുളസി




# അകത്താളുകളിൽ


## ലേഖനം/പംക്തി

തലവരയും ലോകായുക്തയും: ഫ്രാങ്കോ ലൂയിസ് 5
റിഥം ഓഫ് ലൈഫ്: തേജശ്രീ 15
പുസ്തകപരിചയം: ശ്രീജ വിജയൻ 22
പുസ്തകപരിചയം: നിത്യാലക്ഷ്മി എൽ.എൽ. 50

## കാർട്ടൂൺ കേരളം

രാജേശ്വരി തുളസി 3

## ചൊൽക്കാഴ്ച

രാജൻ എലവത്തൂർ 31

## കഥ

കൃഷ്ണകുമാർ മാപ്രാണം 10
നിഥിൻകുമാർ ജെ. പത്തനാപുരം 44
മാഗ്ളിൻ ജാക്സൻ 47

## കവിത

എ.കെ.അനിൽകുമാർ 4
ടി.പി.രാധാകൃഷ്ണൻ 14
സെയ്തലവി വിളയൂരർ 18
രേഖ സി.ജി. 19
ഡോ. പി. സജീവ്കുമാർ 21
ഹാജറ കെ.എം. 24
ബഷീർ മുളിവയൽ 25
രജനി സുരേന്ദ്രൻ 26
എം.കപിൽദേവ് 27
ബൈജു റാഫേൽ 28
കയ്യുമ്മു കോട്ടപ്പടി 29
ജാൻസി ആർ. ഗോപാലൻ 30
സജന സന്തോഷ് 32
ജയപാലൻ കാര്യാട്ട് 33
മോഹൻജി 34
നജാ ഹുസൈൻ 35
സതി സതീഷ് 36
റെജി കെ.ആർ. 37
കല്ലൂർ ഈശ്വരൻ പോറ്റി 38
ഷബീന അബൂബക്കർ 39
സിന്ധുമോൾ തോമസ് 41
ഷാനവാസ് കുലുക്കല്ലൂർ 42
വി.ജി.മുകുന്ദൻ 43



# ഓരോ ദിവസവും

രാത്രി മുഖത്തേക്കടർന്നുവീണ
ഒരു കീറു നിലാവെട്ടത്തിൽ
അന്നത്തെ ദിവസത്തെ
അവൾ ഒഴുക്കിവിട്ടു.

പ്രഭാതത്തിന്റെ പുതുവെട്ടത്തിൽ
ആകാശത്തിന്റെ അയയിൽ നിന്നും
അന്നത്തേക്കുള്ള പുതുവസ്ത്രം
അവളിലേക്കൂർന്നുവീണു.

നെഞ്ചിൻ അടുപ്പിൽ കനൽകൂട്ടി
സങ്കടത്തിളപ്പിന് വേവുനോക്കി
ഓർമ്മകളൊക്കെയും തൂത്തുകൂട്ടി
മാറാല ചുറ്റിയ മനസ്സിനെ
അലക്കിപ്പിഴിഞ്ഞ് ഉണക്കിയെടുത്ത്
വിയർപ്പുവറ്റിയ കിടക്കവിരിയായി
ഒരുദിവസംകൂടി വറ്റിയുറങ്ങി.

ഉറക്കത്തിന്റെ ജാലകവിടവിലൂടെ
പിന്നെയും നിലാവെട്ടം
വന്നുപൊള്ളിക്കുന്നതെന്തിനെന്ന്
ഓർത്തോർത്തവൾ പ്രഭാതമായി.

ഘടികാരം പോലെ
കടൽത്തിര പോലെ
ഓരോ ദിവസവും
ഒരുപോലെയാണല്ലോ
എന്നോർത്താണ്
അവളിപ്പോഴൊക്കെ ചിരിക്കാറ് ...



എ. കെ. അനിൽകുമാർ



# തലവരയും ലോകായുക്തയും



ഫ്രാങ്കോ ലൂയിസ്

**530 കിലോമീറ്റർ നീളത്തിൽ നിർമിക്കുന്ന കെ റെയിൽ പാതയ്ക്കായി റെയിൽവെയുടെ 185 ഹെക്ടർ ഭൂമിയും സ്വകാര്യ വ്യക്തികളുടെ 1,198 ഹെക്ടർ സ്ഥലവുമാണ് ഉപയോഗപ്പെടുത്തുക. 15 മുതൽ 25 വരെ മീറ്റർ വീതിയിലാണു റെയിൽപാതയ്ക്കു സ്ഥലം ഏറ്റെടുക്കുക.**

**കെ** റയിലിന്റെ സിൽവർ ലൈൻ മലയാളിക്കു ബാധ്യതയുടെ തലവരയാകുമോ? ലോകായുക്ത നിയമഭേദഗതി അഴിമതിക്കുള്ള ലൈസൻസാണോ? അഞ്ചു സംസ്ഥാനങ്ങളിലേക്കുള്ള വോട്ടെടുപ്പ് രാജ്യത്തിന്റെ ഭാവിയിലേക്കു വിരൽ ചൂണ്ടുന്ന ഭാഗധേയമാണോ? ഈയിടെ നമ്മുടെ മനസിൽ ഉയരുന്ന പ്രധാന ചോദ്യങ്ങളാണിവ.

ഇന്ന് എല്ലാവരും കണ്ണും നട്ടിരിക്കുന്നതു പാർലമെന്റിലെ കേന്ദ്ര ബജറ്റിലേക്കാണ്. ആദായ നികുതി ഒഴിവു പരിധി വർധിപ്പിക്കമെന്നാണ് വലിയൊരു വിഭാഗത്തിന്റെ മോഹം. ഭവന വായ്പയ്ക്കും ആരോഗ്യ ഇൻഷ്വറൻസിനുമുള്ള റിബേറ്റ് ഇരട്ടിയെങ്കിലുമാക്കി വർധിപ്പിക്കണമെന്ന ആഗ്രഹിക്കുന്നവർ അനവധി.

കറൻസി നിരോധനം മുതൽ കോവിഡ് ബാധവരെയുള്ള ഓരോ ഘട്ടത്തിലും തളർന്നുപോയ സമ്പദ് വ്യവസ്ഥയെ, പ്രത്യേകിച്ച് ഭവന നിർമാണ മേഖല അടങ്ങുന്ന റിയൽ എസ്റ്റേറ്റ് സംരംഭങ്ങളെ ഉത്തേജിപ്പിക്കാൻ ഇത്തരം പ്രോൽസാഹനം അനിവാര്യമാണ്. ഭവന നിർമാണ മേഖല കൂടുതൽ സജീവമായാൽ അനേകം വ്യവസായങ്ങളും വളരും. തൊഴിലവസരങ്ങൾ വർധിക്കും. സമ്പദ് വ്യവസ്ഥ തളിരിടാനും പുഷ്പിക്കാനും തുടങ്ങും. കേന്ദ്രസർക്കാരും ആഗ്രഹിക്കുന്നത് അങ്ങനെയൊരു വളർച്ചയാണ്.

## കെ റെയിൽ

ലക്ഷത്തിലേറെ കുടുംബങ്ങൾ കുടിയിറക്കപ്പെടുന്ന സ്ഥലമേറ്റെടുക്കൽ വിപ്ലവമാണ് എൽഡിഎഫ് സർക്കാരിന്റെ കെ റെ

യിൽ പദ്ധതി. പീടികമുറികൾ പൊളിക്കുന്നതോടെ അനേകായിരം വ്യാപാരികൾ വഴിയാധാരമാകും. പുതിയ ജീവനോപാധിക്കായി അവർ നെട്ടോട്ടമോടണം. വാതിൽ ചവിട്ടിപ്പൊളിച്ച് വീട്ടിനകത്ത് കെ റെയിൽ സർവേക്കല്ലു നാട്ടിയതുപോലുള്ള വീഡിയോകൾ ഇനിയും വരാനിരിക്കുന്നതേയുള്ളൂ.

530 കിലോമീറ്റർ നീളത്തിൽ നിർമിക്കുന്ന കെ റെയിൽ പാതയ്ക്കായി റെയിൽവെയുടെ 185 ഹെക്ടർ ഭൂമിയും സ്വകാര്യ വ്യക്തികളുടെ 1,198 ഹെക്ടർ സ്ഥലവുമാണ് ഉപയോഗപ്പെടുത്തുക. 15 മുതൽ 25 വരെ മീറ്റർ വീതിയിലാണു റെയിൽപാതയ്ക്കു സ്ഥലം ഏറ്റെടുക്കുക. അതിവേഗ പാതയിലേക്ക് മനുഷ്യരും വളർത്തുമൃഗങ്ങളും പ്രവേശിക്കാതിരിക്കാൻ പാതയുടെ ഇരുവശവും വേലികെട്ടി സംരക്ഷിക്കേണ്ടിവരും. ഈ സുരക്ഷാ വേലികെട്ട് കേരളത്തെ രണ്ടായി വിഭജിക്കും.

പാതയുടെ 137 കിലോമീറ്റർ ട്രാക്ക് തൂണുകളിലൂടെയോ തുരങ്കങ്ങളിലൂടെയോ ആണ്. ഇത്രയും ദൂരം പാതക്കു കുറുകെ സഞ്ചരിക്കുന്നതിന് തടസമില്ല. പാത കടന്നു പോകുന്ന എല്ലാ റോഡുകളിലും മേൽപാലങ്ങളോ  അടിപ്പാതകളോ നിർമ്മിക്കും. അതിനാൽ ജനങ്ങളുടെ സ്വതന്ത്ര സഞ്ചാരത്തിനു തടസമുണ്ടാകില്ലെന്നാണ് പദ്ധതി രേഖയിൽ പറയുന്നത്. ഓരോ അര കിലോമീറ്ററിലും സ്വതന്ത്ര സഞ്ചാരത്തിനുള്ള പാത നിർമിക്കും.

ഭൂമി ഏറ്റെടുക്കാൻ 7,075 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പൊളിച്ചുമാറ്റുന്ന കെട്ടിടങ്ങളുടെ നഷ്ടപരിഹാരത്തിനായി 4,460 കോടി രൂപയും  പുനരധിവാസത്തിനും മറ്റുമായി 1,730 കോടിയുമാണ് പദ്ധതിറിപ്പോർട്ടിൽ വകയിരുത്തിയിരിക്കുന്നത്.

മൊത്തം 65,000 കോടി രൂപ ചെലവുവരുമെന്നാണു രണ്ടു വർഷം മുമ്പു തയാറാക്കിയ റിപ്പോർട്ടിൽ പറയുന്നത്. എന്നാൽ ലക്ഷം കോടി രൂപ ചെലവാകുമെന്നാണ് വിദഗ്ധരുടെ നിരീക്ഷണം. സർക്കാർ ഉദ്യോഗസ്ഥർക്കു ശമ്പളവും പെൻഷനും കൊടുക്കാൻപോലും വായ്പയെടുക്കേണ്ട ഗതികേടുള്ള കേരളത്തിൽ ലക്ഷം കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ വായ്പയെടുക്കേണ്ടിവരും. ജപ്പാനിൽനിന്നു വായ്പയെടുക്കാനുള്ള പ്രാഥമിക ചർച്ചകൾ നടന്നു കഴിഞ്ഞു. ലക്ഷം കോടി രൂപയുടെ അധിക ബാധ്യത തലയിലേറ്റേണ്ടി വരുന്ന കേരളത്തിലെ മൂന്നര കോടി ജനങ്ങൾക്ക് ഈ പാത കൊണ്ട് എന്തു നേട്ടമെന്ന ചോദ്യമുണ്ട്.

നാലു മണിക്കൂറുകൊണ്ട് കാസർകോടു നിന്ന് തിരുവനന്തപുരത്തെത്താം. തൃശൂർക്കാർക്ക് അര മണിക്കൂറുകൊണ്ട് എറണാകുളത്ത് എത്താം, തിരുവനന്തപുരത്ത് എത്താൻ രണ്ടു മണിക്കൂർ മതി. അതിവേഗത്തിൽ യാത്രചെയ്യാനാവുന്ന ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ നാടിന്റെ വികസനത്തിന് അനിവാര്യമാണ്. കേരളത്തിലെ സാധാരണക്കാർ ഇടക്കിടെ ഇങ്ങനെ യാത്ര ചെയ്യുന്നവരാണോയെന്നു ചോദിക്കരുത്.

പദ്ധതി യാഥാർത്ഥ്യമാവുന്നതോടെ റോഡിലൂടെ ഓടുന്ന വാഹനങ്ങളുടെ എണ്ണം ഗണ്യമായി കുറയുമെന്നാണ് സർക്കാരിന്റെ അവകാശവാദം. പ്രതിദിനം റോഡ് ഉപയോഗിക്കുന്ന 46,206 പേർ സിൽവർലൈനിലേക്ക് മാറും. 12,872 വാഹനങ്ങൾ ആദ്യ വർഷം റോഡിൽ നിന്ന് ഒഴിവാകുന്നതോടെ സംസ്ഥാനത്തെ ഗതാഗതക്കുരുക്ക് ഗണ്യമായി കുറയും. മാത്രമല്ല, ഇതുവഴി 530 കോടിയുടെ പെട്രോൾ, ഡീസൽ ഇന്ധനമാണ് പ്രതിവർഷം ലാഭിക്കാനാകുക. കെ റെയിലിന്റെ അവകാശവാദം ഇങ്ങനെയെല്ലാമാണ്.

എന്തായാലും പദ്ധതിക്ക് അനുകൂല അന്തരീക്ഷം ഒരുക്കാൻ സർക്കാർ കഠിനാധ്വാനത്തിലാണ്. വിലയും നഷ്ടപരിഹാരവും അടക്കം മാർക്കറ്റ് വിലയുടെ നാലിരട്ടിവരെ നൽകാൻ തയാറായിക്കൊണ്ടാണ് സർക്കാർ സ്ഥലം ഏറ്റെടുക്കുന്നത്. എന്നാൽ പദ്ധതിയെ പല്ലും നഖവും ഉപയോഗിച്ച് എതിർക്കാൻ യുഡിഎഫും ബിജെപിയും രംഗത്തുണ്ട്. ഭൂമി വിട്ടുകൊടുക്കേണ്ടി വരുന്നവരുടെ രോഷപ്രകടനം വേറെ.

പദ്ധതിക്കു കേന്ദ്രാനുമതി ഭാഗികമായി മാത്രമേ ലഭിച്ചിട്ടുള്ളൂ. പദ്ധതിക്കെതിരേ ഹൈക്കോടതിയിൽ കേസും നിലവിലുണ്ട്. കോടതി കെ റെയിലിൽ പച്ചക്കൊടിയല്ല, ചെങ്കൊടിയാണ് നാട്ടിയിരിക്കുന്നത്.

## ലോകായുക്ത

ലോകായുക്തയുടെ അധികാരങ്ങൾ വെട്ടിക്കുറയ്ക്കാൻ എൽഡിഎഫ് സർക്കാർ കൊണ്ടുവന്ന ഓർഡിനൻസിൽ ഗവർണർ ഒപ്പിടുമോ? ഓർഡിനൻസ് ഗവർണർ തിരിച്ചയക്കുമോ? ലോകായുക്തയുടെ അധികാരം ഇല്ലാതാക്കുന്നത് അഴിമതിക്കുള്ള ലൈസൻസാകുമോ?

ഓർഡിനൻസിൽ ഒപ്പുവയ്ക്കാതെ തിരിച്ചയക്കണമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ കണ്ട് പ്രതിപക്ഷ നേതാക്കൾ ആ

വശ്യപ്പെട്ടിരിക്കുന്നു. ഗവർണർക്കു സംസ്ഥാന സർക്കാരിനോടുള്ള നീരസം ഓർഡിനൻസിലൂടെ പ്രകടമാക്കുമോ? സർവകലാശാല വൈസ് ചാൻസലർ നിയമനങ്ങളിലെ സ്വജനപക്ഷപാതം, രാഷ്ട്രപതിക്കു ഡോക്ടറേറ്റ് നൽകണമെന്ന നിർദേശം നിരസിക്കൽ എന്നീ വിഷയങ്ങളിൽ ഗവർണർ സംസ്ഥാന സർക്കാരുമായുള്ള അങ്കം ഈയിടെ അവസാനിച്ചതേയുള്ളൂ.



എൽഡിഎഫ് സർക്കാർ കൊണ്ടുവരുന്ന നിയമഭേദഗതി അംഗീകരിച്ചാൽ ലോകായുക്ത വെറുമൊരു കടലാസ് പ്രസ്ഥാനമായി മാറുമെന്നാണു പ്രതിപക്ഷത്തിന്റെ ആരോപണം. അഴിമതിയും സ്വജനപക്ഷപാതവും ചൂണ്ടിക്കാണിച്ചു പരാതിപ്പെട്ടാൽ കുറ്റക്കാരായ മന്ത്രിമാർക്കോ ഉദ്യോഗസ്ഥർക്കോ എതിരേ വിധി പ്രസ്താവിക്കാൻ കഴിയാത്ത അവസ്ഥയാകും. വെറും ശുപാർശയോ നിർദേശങ്ങളോ സമർപ്പിക്കാവുന്ന നിലയിലേക്ക് ലോകായുക്തയുടെ അധികാരം ചുരുങ്ങിപ്പോകും. അത് എൽഡിഎഫ് സർക്കാരിന് അഴിമതിയും സ്വജനപക്ഷപാതവും നടപ്പാക്കാനുള്ള ലൈസൻസാകും.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി പാർട്ടിക്കാർക്കായി ദുരുപയോഗിച്ചെന്ന കേസും കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ നിയമനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി ഡോ. ആർ. ബിന്ദു അവിഹിതമായി ഇടപെട്ടെന്ന കേസും ഇപ്പോൾ ലോകായുക്തയുടെ പരിഗണനയിലുണ്ട്. കോവിഡ് ഒന്നാം ഘട്ടത്തിൽ ആരോഗ്യവകുപ്പു നടത്തിയ കോടികളുടെ ഇടപാടുകൾക്കെതിരേ ഹർജി നൽകാൻ യുഡിഎഫ് നേതാക്കൾ ഒരുങ്ങിയിരിക്കുകയുമാണ്. ഈ കേസുകളിൽ എതിർവിധികൾക്കു സാധ്യതയുണ്ട്. ഈ സാഹചര്യത്തിലാണ് നിയമഭേദഗതിക്കു ശ്രമിക്കുന്നത്.

പുതിയ നിയമത്തിൽ ലോകായുക്ത ജഡ്ജിയുടെ യോഗ്യതയും ഇളവു ചെയ്യുന്നുണ്ട്. സുപ്രീം കോടതി ജഡ്ജി, ഹൈക്കോടതി ചീഫ് ജസ്റ്റിസ് പദവികളിൽ സേവനം ചെയ്തവരെയാണ് ലോകായുക്ത ആയി നിയമിക്കുന്നത്. പുതിയ ഭേദഗതിപ്രകാരം ഹൈക്കോടതി ജഡ്ജിയായിരുന്ന വ്യക്തിക്കു ലോകായുക്തയാകാം.

എതിർവിധിയിലൂടെ സംസ്ഥാന സർക്കാരിനെ ഇല്ലാതാക്കാനാവുന്ന വകുപ്പുകൾ ലോകായുക്തയിലുണ്ട്. അപ്പീൽ നൽകാൻ പോലും വകുപ്പില്ലെന്നാണ് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറയുന്നത്. നിയമ ഭേദഗതി അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശ പ്രകാരമാണ്. ലോകായുക്തയിൽ അപ്പീൽ അധികാരമില്ലാത്തത് ഭരണഘടനയുടെ 164 അനുഛേദത്തിനു വിരുദ്ധമാണെന്നാണു നിയമോപദേശം.

കാബിനറ്റ് അധികാരത്തോടു ചേർന്ന് നിൽക്കുന്നതാകണം നിയമങ്ങൾ എന്നാണു നിയമ മന്ത്രി പി. രാജീവ് പറയുന്നത്. ലോകായുക്തക്ക് നിർദേശം നൽകിയാൽ മതി, വിധി പ്രസ്താവിക്കേണ്ട. ലോകായുക്ത ഭേദഗതി കഴിഞ്ഞ ഏപ്രിൽ മുതൽ പരിഗണനയിൽ ഉണ്ടെന്നും രാജീവ് പറഞ്ഞു.


സ്വന്തം തടി രക്ഷിക്കുന്ന നിയമങ്ങൾ മാത്രം മതിയെന്നു സാരം.

## തെരഞ്ഞെടുപ്പ്

അഞ്ചു സംസ്ഥാനങ്ങളിൽ നടക്കാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പ് വെറും അഞ്ചു സംസ്ഥാനങ്ങളിലെ ഭരണത്തിൽ മാത്രം ഒതുങ്ങുന്നതല്ല. രാജ്യത്തിന്റെ ഭാവിഭാഗധേയത്തിലേക്കുള്ള ചവിട്ടുപടികൂടിയാണ് ഈ തെരഞ്ഞെടുപ്പ്.

ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനമായ ഉത്തർപ്രദേശ്, പഞ്ചാബ്, ഉത്തരാഖണ്ഡ്, ഗോവ, മണിപ്പൂർ എന്നീ അഞ്ചു സംസ്ഥാനങ്ങളിലെ നിയമസഭകളിലേക്കാണു തെരഞ്ഞെടുപ്പു നടക്കുന്നത്. ഈ മാസം 14 ന് വോട്ടെടുപ്പ് ആരംഭിക്കും. അടുത്ത മാസം പത്തിനു വോട്ടെണ്ണും. ഉത്തർപ്രദേശിലെ 403 നിയമസഭാ മണ്ഡലങ്ങളിലേക്ക് ഏഴു ഘട്ടങ്ങളിലായാണു വോട്ടെടുപ്പ്.

പഞ്ചാബ് ഒഴികെയുള്ള നാലു സംസ്ഥാനങ്ങളിലും ബിജെപി ഭരണമാണ് നിലവിലുള്ളത്. കോൺഗ്രസ് ഭരണമുള്ള പഞ്ചാബിൽ ബിജെപിയുടെ തെരഞ്ഞെടുപ്പു പ്രചാരണത്തിന് എത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയെ കർഷകർ വഴിയിൽ തടഞ്ഞ് യാത്ര മുടക്കിയ സംഭവം ഏറെ വിവാദമായിരുന്നു.




എല്ലാ സംസ്ഥാനങ്ങളിലും ഭരണകക്ഷിക്കു പാട്ടുംപാടി ജയിക്കാവുന്ന അവസ്ഥയല്ല നിലവിലുള്ളത്. ശക്തമായ ഭീഷണികളുണ്ട്. ബിജെപിയുടെ കോട്ടയായ ഉത്തർപ്രദേശിൽ യോഗി ആദിത്യനാഥ് മന്ത്രിസഭയിലെ നാലു മന്ത്രിമാരടക്കം എട്ട് എംഎൽഎമാർ രാജിവച്ച് അഖിലേഷ് യാദവിന്റെ സമാജ് വാദി പാർട്ടിയിൽ ചേർന്നു. കോൺഗ്രസിലെ ചില നേതാക്കൾ ബിജെപിയിലേക്കും പോയി.

യുപിയിൽ കോൺഗ്രസും ബിഎസ്പിയും എസ്പിയും ചന്ദ്രശേഖർ ആസാദ് രാവണന്റെ ഭീം ആർമിയുമെല്ലാം ഒറ്റയ്ക്കൊറ്റയ്ക്കാണു മൽസരിക്കുന്നത്. പ്രതിപക്ഷ കക്ഷികളെല്ലാം ചേരിതിരിഞ്ഞു പോരാടുന്നത് ബിജെപിക്ക് അനുഗ്രഹമാണ്. എന്നാൽ ചില സുപ്രധാന സീറ്റുകളിലെ സ്ഥാനാർത്ഥിക്കാര്യത്തിൽ പ്രതിപക്ഷ കക്ഷികൾ സമവായമുണ്ടാക്കാനുള്ള ശ്രമം ഉണ്ടായേക്കാം.

ഉത്തർപ്രദേശിൽ മുഖ്യമന്ത്രി യോഗി ആദിത്യനാഥിനു ശക്തമായ ജനപിന്തുണയുണ്ട്. വികസന പ്രവർത്തനങ്ങളും നേതൃപാടവവുമാണ് കരുത്ത്. പിന്നാക്ക വിഭാഗങ്ങൾക്കും ചെറുകിട കർഷകർക്കും ബിജെപിയോടും യോഗിയോയും ഒരു പ്രതിപത്തിയുമില്ല.

പഞ്ചാബിലെ കോൺഗ്രസിൽ കല്ലുകടിയും കസേരക്കളിയും ഇപ്പോഴേ തുടങ്ങി. മുഖ്യമന്ത്രിക്കസേരയെച്ചൊല്ലിയാണ് തർക്കം. ബിജെപിയുടെ താമരയ്ക്ക് പഞ്ചാബിൽ പൂക്കാലമായിട്ടില്ല. ഗോവയിലെ ബിജെപിയിൽനിന്നും ധാരാളം പേർ കൊഴിഞ്ഞുപോയി.

ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലെ കർഷകരുടെകൂടി പിന്തുണ നേടാനാണ് പ്രധാനമന്ത്രി നരേന്ദ്രമോദി കർഷകദ്രോഹ കരിനിയമങ്ങൾ പിൻവലിച്ചത്. അയോധ്യയിലെ ക്ഷേത്ര നിർമാണത്തിന്റെ മാതൃകയിൽ ക്ഷേത്രനഗരികൾ നിർമിക്കുകയെന്ന ഹിന്ദു പ്രീണനതന്ത്രവും വോട്ടാകുമെന്നാണ് ബിജെപിയുടെ പ്രതീക്ഷ.

പക്ഷേ, ചെറുകിട കർഷകർക്ക് ഒന്നും മറക്കാൻ കഴിഞ്ഞിട്ടില്ല. എഴുന്നൂറിലേറെ ജീവൻ ബലികൊടുത്തിട്ടാണ് ഒരു വർഷം നീണ്ട സമരം 47 കർഷക സംഘടനകൾ അവസാനിപ്പിച്ചത്. നിയമം പിൻവലിച്ചെങ്കിലും പൊറുത്തിട്ടില്ലെന്നാണ് മോദിയെ മേൽപാലത്തിൽ തടഞ്ഞുവച്ചുകൊണ്ട് പഞ്ചാബിലെ കർഷകർ ഓർമിപ്പിച്ചത്.

വീണ്ടും ഉജ്വല വിജയം നേടായാൽ രണ്ടു സൂചകങ്ങളാണ് രാഷ്ട്രീയ നിരീക്ഷകർക്കു മുന്നിൽ തെളിയുന്നത്. 2024 ൽ നടക്കാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിലും ബിജെപി അധികാരത്തിലേക്ക് എന്നതാണ്

ഒരു സൂചന. യോഗി ആദിത്യനാഥിനെ പ്രധാനമന്ത്രി പദത്തിലേക്കു പരിഗണിച്ചേക്കുമെന്നതാണു രണ്ടാമത്തെ സൂചന.

## കോവിഡ് തരംഗം

രണ്ടു വർഷത്തിലേറെയായി ലോകമെങ്ങും വിലസുന്ന കോവിഡിനെ നാട്ടാർക്കൊന്നും പേടിയില്ലാതായി. കോവിഡ് വാക്സിൻ രണ്ടു ഡോസും പിറകേ മൂന്നാമത്തെ ബൂസ്റ്റർ ഡോസും കുത്തിവച്ച് പ്രതിരോധ ശേഷി കൂട്ടിയവരാണ് മിക്കവരും. കോവിഡ് വൈറസുകൾ തോറ്റുപോകുന്ന അവസ്ഥയാണ്. വെറുമൊരു നീരുവീഴ്ചപ്പനി പോലെ മാറിയിരിക്കുന്നു, കോവിഡ്. രണ്ടു ദിവസത്തെ പനി, അൽപം ചുമ, തൊണ്ടവേദന. ഒരാഴ്ചത്തെ ക്ഷീണം. അത്രമാത്രം.





കോവിഡ് മൂന്നാം തരംഗമായി കേരളത്തിൽ പടർന്നു പിടിക്കുമ്പോൾ രാജ്യത്തുടനീളം രോഗവ്യാപനം കുറഞ്ഞുവരികയാണ്. ക്രിസ്മസ്, നവവൽസരാഘോഷങ്ങൾക്കു മുമ്പേ രോഗവ്യാപനത്തിനു തുടക്കമായിരുന്നു. നവവൽസരാഘോഷങ്ങൾ നിരോധിച്ചത് അതുകൊണ്ടാണ്. കേരളത്തിൽ കഴിഞ്ഞ രണ്ടു മാസമായി ആൾക്കൂട്ടങ്ങൾക്കു നിയന്ത്രണമില്ലാത്ത അവസ്ഥയായിരുന്നു. വിവാഹങ്ങളും ഉൽസവങ്ങളും പാർട്ടി സമ്മേളനങ്ങളുമെല്ലാം വലിയ ആൾക്കൂട്ടങ്ങളായി മാറി. ചെറിയൊരു പനിയോ ചുമയോ അടക്കമുള്ള രോഗലക്ഷണങ്ങളുള്ളവർ അതൊന്നും ഗൗനിക്കാതെ ആൾക്കൂട്ടങ്ങൾക്കിടയിലൂടെ തിക്കിത്തിരക്കി നടന്നു. രോഗവ്യാപനത്തിനു കാരണം ഇതുതന്നെ. ആൾക്കൂട്ടങ്ങൾക്കെതിരേ തുരുതുരാ കേസെടുത്തിരുന്ന പോലീസ് പാർട്ടി സമ്മേളനങ്ങൾക്കു കാവൽനിന്നതും നാം കണ്ടു.

കേരളത്തിൽ പ്രതിദിനം രോഗംബാധിക്കുന്നവരുടെ എണ്ണം അമ്പതിനായിരം കടന്നു. പരിശോധന നടത്തുന്നവരിൽ പകുതി പേർക്കും രോഗം സ്ഥിരീകരിക്കുന്ന അവസ്ഥ. രോഗവ്യാപന നിരക്ക് അമ്പതു ശതമാനമായി. പണ്ട് സമ്പൂർണ അടച്ചുപൂട്ടൽ നടപ്പാക്കിയപ്പോൾ ഉണ്ടായിരുന്നതിന്റെ ഇരട്ടിയാണ് ഈ നിരക്ക്.

ഇനിയൊരു അടച്ചുപൂട്ടൽ താങ്ങാനുള്ള ശേഷി ജനങ്ങൾക്കില്ല. സമസ്ത മേഖലയിലുള്ള ജനവിഭാഗങ്ങളും അത്രയേറെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ഡ്രൈവർമാർ മുതൽ വാഹനമുടമകൾ വരെ, തൊഴിലാളികൾ മുതൽ വ്യാപാരികൾ വരെ.

ആൾക്കൂട്ടങ്ങൾ ഒഴിവാക്കിയും അകലം പാലിച്ചും മാസ്ക് ധരിച്ചും ഇടക്കിടെ സോപ്പിട്ടു കൈകഴുകിയും സ്വന്തം സുരക്ഷ ഉറപ്പാക്കേണ്ടത് ഓരോരുത്തരുടേയും കടമയാണ്. ജാഗ്രത കൈവിട്ടാൽ ദു:ഖിക്കേണ്ടിവരുമെന്ന മുന്നറിയിപ്പാണ് മൂന്നാം തരംഗം നമുക്കു നൽകുന്നത്. ●





കൃഷ്ണകുമാർ മാപ്രാണം

# ഒപ്പം

**ഡോ**ക്ടറെ കാണാൻ ആശുപത്രിയിലേയ്ക്ക് കൂടെ മകളുണ്ടായിരുന്നു. ഇടയ്ക്കിടെയുള്ള തലവേദന കാര്യമാക്കാതെ നടക്കുകയായിരുന്നു.

മകൾ ഇത്തവണയും ഫോൺ ചെയ്തപ്പോൾ പറഞ്ഞു

‘ അച്ഛന്റെ തലവേദന ഇപ്പണ്ടോ....അച്ഛൻ ഡോക്ടറെ കാണിച്ചില്ലെ...ഇതുവരെ...‘

‘ അതു സാരമില്ലന്നെ...മാറും...‘

‘അച്ഛനിതുതന്നെയല്ലെ ..എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്...ഇന്ന് ഞാൻ വരണുണ്ട് അങ്കട്...‘

ഉച്ചയോടെ മകളെത്തി. മരുമകൻ കോൺട്രാക്റ്ററാണ്.അയാൾക്ക് ഒന്നിനും നേരമേയില്ല.

ഭാര്യ മരിച്ചതിനുശേഷം ഒറ്റയ്ക്കായിരുന്നു ജീവിതം. എല്ലാം ഒറ്റയ്ക്ക് ചെയ്യുകയാണെങ്കിലും ഭാര്യയുടെ സാന്നിധ്യം അനുഭവപ്പെടുന്നുണ്ടായിരുന്നു.

അടുക്കളയിൽ, കിടപ്പറയിൽ അകത്തളങ്ങളിൽ, മുറ്റത്ത് ഒക്കെ അവളുടെ നിഴലനക്കമുള്ളതായി ഞാൻ മനസ്സിലാക്കി.

മകളും മരുമകനും അവരോടൊത്ത് താമസിക്കാൻ നിർബന്ധിച്ചെങ്കിലും ഈ വീടുവിട്ട് എങ്ങോട്ടുമില്ലെന്ന് ഞാൻ തീരുമാനിച്ചിരുന്നു.

പോയാൽ ഭാര്യയുടെ ശവകുടീരത്തിൽ എന്നും ഒരന്തിത്തിരി കൊളുത്തിവയ്ക്കാൻ ആരുമില്ല.

അവളുടെ ഓർമ്മകളുറങ്ങുന്നുണ്ട് ഈ വീടിന്റെ ഓരോ അകത്തളങ്ങളിലും. ഓരോ പ്രവർത്തികളിലും. ഒപ്പമുണ്ടെന്നൊരു വിചാരങ്ങളിൽ സന്തുഷ്ടനായിട്ടാണ് ഞാൻ കഴിഞ്ഞത്.

രാവിലെ അവളാണ് വിളിച്ചുണർത്തുക. അടുക്കളയിൽ കാപ്പിയുണ്ടാക്കുമ്പോൾ മധുരപ്രിയനായ എന്നോടവൾ പറയും.

‘ പഞ്ചാര..അധികം വേണ്ടാട്ടോ...‘

‘വല്യ പ്രായായിട്ടൊന്നുംല്യല്ല്യോ...പുറത്ത് പോവുമ്പോ....ഈ നരച്ച മുടിയൊക്കെ ഒന്ന് കറുപ്പിച്ചൂടെ...നിങ്ങക്ക്....‘

‘ഈ വയസ്സാം കാലത്തോ..എന്തിനാ...‘

അവളടുത്തുണ്ടെന്ന ധാരണയിൽ പറയും.

‘അമ്പത്തൊമ്പത് വയസ്സായപ്പോഴേയ്ക്കും..പ്രായായോ...‘

അവളുടെ മൊഴി കിടപ്പറയിൽ എപ്പോഴും മുഴങ്ങും.

ഞാൻ ചിരിയ്ക്കും

‘ഇന്നുംണ്ടോ...തലവേദന...മരുന്ന്..പുരട്ടണോ....‘

ഒരു തണുത്ത വിരൽ സ്പർശം ഞാനറിഞ്ഞു.

കണ്ണടച്ചപ്പോൾ പറയുന്നു

‘മോള് പറഞ്ഞില്ലെ...ചെല്ല്...ഇനിയും അമാന്തിക്കേണ്ട...തലവേദനയ്ക്ക് ഡോക്ടറെ കാണിക്കണംട്ടോ.. .‘

ഇന്ന് അവൾ രാവിലെ വീണ്ടും നിർബന്ധിച്ചു.

‘ശരി പോകാം‘

മകൾ ചോദിച്ചു.

'അച്ഛൻ വല്ലതും പറഞ്ഞോ....'

' ഏയ്...ഇല്ല...'

എല്ലായിടങ്ങളിലും ഭാര്യയുടെ സാന്നിദ്ധ്യം അറിഞ്ഞിരുന്നു.

അവളൊപ്പമുണ്ട് ഇപ്പോഴും.

ടോക്കണെടുത്ത് ആശുപത്രി വരാന്തയിൽ ഡോക്ടറുടെ കൺസൾട്ടിംഗ് റൂമിനു പുറത്തിരുന്നു.

' അച്ഛനിവിടെയിരിക്ക്...ഞാൻ ഇപ്പോ വരാം...എന്റെ ഒരു കൂട്ടുകാരി...ഇവിടെ നഴ്സാണ്...'

കൂടെ വന്ന മകൾ അതും പറഞ്ഞുപോയി.

വരാന്തയിലിരിക്കെയാണ് ആ സ്ത്രീയെ കണ്ടത്.

എതിരെ അപ്പുറത്ത് വേറൊരു ഡോക്ടറുടെ മുറിയുടെ വാതിലിനടുത്ത് കസേരയിലിരിക്കുന്നു.

നരവീണ മുടിയിഴകൾ നെറ്റിയിലേയ്ക്ക് വീണുകിടക്കുന്നു. അൽപ്പം ക്ഷീണിച്ചതെങ്കിലും വലിയ താമര കണ്ണുകൾ.

എവിടെയൊ കണ്ടുമറന്നൊരു മുഖം. അതെ ഇവരെ എവിടെയോ കണ്ടിട്ടുണ്ടല്ലോ.

സൂക്ഷിച്ചുനോക്കുന്നത് കണ്ടതും അവരും തിരിച്ചെന്നെയും ശ്രദ്ധിച്ചുകൊണ്ടിരുന്നു.

ആ മുഖത്ത് വിവിധവികാരങ്ങൾ മാറിമറയുന്നുണ്ട്. കണ്ണുകളിൽ അമ്പരപ്പും.

' മാഷേ....'

അവരുടെ മുഖത്തെ അത്ഭുതം ഒരു മന്ദസ്മിതമായി ചുണ്ടിൽ വിടർന്നത് പെട്ടെന്നായിരുന്നു.

'മാഷെ...എത്രകാലമായി....എവിട്യാ...ഇപ്പോ....'

അവർ പതുക്കെ എഴുന്നേറ്റ് അരികെ വന്നു.

'അതെ...അവർ തന്നെ...ലത ടീച്ചർ...'

ഞാൻ മനസ്സിൽ പറഞ്ഞു

'മാഷ്...മറന്നിട്ടില്ല്യാലേ....'

അവർ ചോദിച്ചു

' എങ്ങിനെ...മറക്കാനാണ്....'

ഞാൻ ചോദിച്ചു

അവരുടെ മുഖം മ്ളാനമായി

'അന്ന്..അങ്ങിനെയൊക്കെ...പറ്റിപ്പോയി...മാഷേ...വിവരമില്ലാത്ത..കാലം...

ഇപ്പോ...യ്ക്ക്...വെഷമംണ്ട്...'

ടീച്ചർ കുറ്റബോധം വേട്ടയാടുന്ന മനസ്സുമായി മുഖം കുനിച്ചു

'.അന്ന് എനിക്ക് ടീച്ചറോട്...നല്ല നീരസംണ്ടായിരുന്നൂ..ന്നുള്ളത് നേരന്ന്യാ....അങ്ങിനെയല്ലേ...കൈയ്യിലുണ്ടാർന്നേ...'

ഞാൻ പറഞ്ഞു

ടീച്ചറുടെ മുഖം വീണ്ടും ...വല്ലാതായി

'ശരിയാ...ഞാൻ...കാരണല്ലേ എല്ലാംണ്ടായത്...മാഷ്ക്ക്...സ്ക്കൂളിൽ നിന്നും മാറേണ്ടി..വന്നത്..ഒക്കെ ......ഇക്കാലത്താണെങ്കീ ...ഈശ്വരാ..എന്തൊക്കെ പുകിലാവും....ശര്യാ....ഓർക്കുമ്പോ..ഞാനെന്തൊരു....'

ടീച്ചർ പഴയതെന്തോ ഓർത്ത് വിഷമത്തോടെ നിന്നു

ഞാനും മറന്നുപോയ ചിലതൊക്കെ ഓർത്തെടുത്തു.

കവളപ്പാറ യു.പി.സ്ക്കൂളിലേയ്ക്ക് മലയാളം മാഷായി ചെല്ലുമ്പോൾ സ്ക്കുളിലെ ഹെഡ്മിസ്ട്രസ്സ് ദേവയാനി ടീച്ചറായിരുന്നു.

ഇംഗ്ളീഷ് പഠിപ്പിക്കുന്നത് സൂസന്ന ടീച്ചറും സയൻസിന് പരമേശ്വരൻ മാഷും ഹിന്ദിയ്ക്ക് ചന്ദ്രാനന്ദൻ മാഷും ചരിത്രത്തിന് ലളിതൻ മാഷും ആയിരുന്നു. വിജയൻ മാഷായിരുന്നു ഡ്രോയിങ്ങിന്. വിനോദ് മാഷ് ഡ്രില്ലിനും.

ആ സ്ക്കൂളിലെ കണക്കുടീച്ചറായിരുന്നു ലത. ഒരു സൗന്ദര്യധാമമായിരുന്നു ലത ടീച്ചർ. അതിന്റെ തെല്ലൊരഹങ്കാരവും അവർ വച്ചു പുലർത്തിയിരുന്നു.

അതു മാത്രമല്ല കവിതയെഴുത്തും പാട്ടുമൊക്കെയായി അവർ സ്ക്കൂളിൽ എല്ലാവരുടെ മുന്നിലും തെളിഞ്ഞു നിൽക്കുകയുമായിരുന്നു.

കുട്ടികളെ കലാമത്സരങ്ങളിലും യുവജനോത്സവങ്ങളിലും മറ്റും പങ്കെടുപ്പിക്കുന്നതിന്റെ ചുമതലകൾ ലത ടീച്ചർക്കും വിനോദ് മാഷിനും ചന്ദ്രാനന്ദൻ മാഷിനുമൊക്കെയായിരുന്നു.

ലതടീച്ചറോട് കൂറുപുലർത്തിയിരുന്നവരും ഉള്ളിൽ അവരോടുള്ള പ്രേമം കൊണ്ടുനടന്നവരുമായിരുന്നു വിനോദ് മാഷും ചന്ദ്രാനന്ദൻ മാഷും.

അങ്ങിനെയിരിക്കെയാണ് ഞാനവിടെ ചെല്ലുന്നത്. എന്റെ ചില കവിതകൾ അന്നത്തെ മുഖ്യധാരാ പ്രസിദ്ധീകരണങ്ങളിൽ അച്ചടിച്ചു വന്നിട്ടുണ്ടായിരുന്നു.

ലതടീച്ചറെഴുതുന്ന കവിതകളൊക്കെ വേറെ കവികളുടെ വരികളാണെന്നുള്ള എന്റെ കണ്ടെത്തൽ പരസ്യമാകുമെന്നൊരു ഭയം കലർന്ന നാണക്കേട്

സ്വാഭാവികമായും അവർക്ക് എന്നെ അ

വരുടെ ശത്രുവായി കാണാനും ഇടയാക്കി.

അതു മാത്രമല്ല ദേവയാനി ടീച്ചർ ലതടീച്ചറിൽ നിന്നും യുവജനോത്സവത്തിന്റെ ചാർജ് എന്നെയേൽപ്പിച്ചതും അവർക്കെന്നോടുള്ള വിദ്വേഷത്തിനു കാരണമായി.

ലത ടീച്ചറുടെ കള്ളത്തരങ്ങൾക്കു കുട പിടിക്കുന്നവരായിരുന്നു സ്ക്കൂളിൽ അധികം പേരും.

വിജയൻമാഷും ലളിതൻമാഷും സൂസന്ന ടീച്ചറും മാത്രമാണ് എന്നോടൊപ്പമുണ്ടായിരുന്നത്. ലത ടീച്ചറുടെ ചെയ്തികളെ അവരും ഇഷ്ടപ്പെട്ടിരുന്നില്ല.

അതിനിടയിൽ വിനോദ് മാഷും ചന്ദ്രാനന്ദൻ മാഷും ലതടീച്ചർ പറഞ്ഞതനുസരിച്ച് എനിക്കെതിരെ കരുക്കൾ നീക്കാൻ തുടങ്ങിയിരുന്നു.

അന്ന് സ്റ്റാഫ്റൂമിൽ വിനോദ് മാഷും ഞാനും സൂസന്ന ടീച്ചറും ലതടീച്ചറും മാത്രമെ ഉണ്ടായിരുന്നുള്ളൂ. സൂസന്ന ടീച്ചർക്ക് ഉച്ചതിരിഞ്ഞ് ആദ്യത്തെ പിരിയഡ് ക്ളാസുണ്ടായിരുന്നു. എനിക്കും ലതടീച്ചർക്കും ക്ളാസില്ല.

വിനോദ് മാഷ് പതുക്കെ പുറത്തിറങ്ങുന്നു. സ്റ്റാഫ് റൂമിൽ ഞങ്ങൾ രണ്ടാളും മാത്രമായി. പെട്ടെന്നാണ് ലതടീച്ചർ തലകറങ്ങിവീണത്.

എന്തുപറ്റിയെന്ന വിചാരത്തിൽ ഞാനടുത്തു ചെന്നു. അവർ മോഹാലസ്യപ്പെട്ടു കിടക്കുകയാണ്.

'ടീച്ചറെ... '

ഞാൻ ഒന്നു രണ്ടാവർത്തി വിളിച്ചു.

മിണ്ടുന്നില്ലെന്നു കണ്ട് പതുക്കെ തട്ടിവിളിച്ചു.

പെട്ടെന്നാണ് സ്റ്റാഫ്റൂമിലേയ്ക്ക് വിനോദ് മാഷും ചന്ദ്രാനന്ദൻ മാഷും സൂസന്ന ടീച്ചറെയും ഹെഡ്സ്മിസ്ട്രസ്സ് ദേവയാനി ടീച്ചറെയും കൂട്ടി വന്നത്.

മോഹാലസ്യപ്പെട്ടു കിടക്കുന്ന ലത ടീച്ചർ എഴുന്നേറ്റിരുന്ന് ഒറ്റ പൊട്ടിക്കരച്ചിലാണ്.

'എന്താ...ടീച്ചറെ...പറ്റീത്....'

വിനോദ് മാഷ് ഒന്നും അറിയാത്തതു പോലെ ചോദിച്ചു

ചന്ദ്രാനന്ദൻ മാഷും ചോദിച്ചു

'ടീച്ചറെ...എന്താണ്.....'

'ഈ...മാഷ്...എന്നെ....'

ലതടീച്ചറിൽ നിന്നൊരിക്കലും പ്രതീക്ഷിക്കാത്ത വാക്കുകൾ കേട്ട് ഞാൻ ഞെട്ടിത്തരിച്ചു.

വിവരം സ്ക്കുളു മുഴുവനും അറിഞ്ഞു. ക്ളാസെടുത്തുകൊണ്ടിരുന്ന ലളിതൻ മാഷും വിജയൻമാഷും ക്ളാസ് നിർത്തി വന്നു.

അവർ എനിക്കനുകൂലമായി സംസാരിച്ചു.

പക്ഷെ സംഗതി അവിടം കൊണ്ടവസാനിച്ചില്ല. ജാഅ പ്രസിഡണ്ട് നാട്ടിലെ ഒരു പ്രമുഖ പാർട്ടിയിലെ നേതാവായിരുന്നു. ലതടീച്ചറുടെ അടുത്ത ബന്ധുവും.

വിഷയം ഒരു കൊടുങ്കാറ്റായി വീശിയടിച്ചു.

'എന്നാലും..മാഷെ....മോശായിട്ടോ....'

'ഇത് ഇങ്ങനെ..വിട്ടാൽ..പറ്റില്ല...ആക്ഷനെടുക്കണം...'

'മാഷെ..പുറത്താക്കണം...'

'എന്തൊരു മാന്യൻ....ഇവനല്ലെ...പിള്ളേരെ പഠിപ്പിക്കണത്...'

എന്തൊക്കയാണ് കേൾക്കുന്നത്.

നാണക്കേടിൽ തലകറങ്ങി.

ഞാൻ തെറ്റൊന്നും ചെയ്തിട്ടില്ല...ആരു കേൾക്കാനാണ്

ആരു മനസ്സിലാക്കാനാണ്. അഭിമാനക്ഷതത്താൽ മുഖംതാഴ്ന്നു.

'മാഷ് ഓഫീസ് റൂമിലോട്ടൊന്നു വരൂ..'

ഹെഡ്സ്മിസ്ട്രസ്സ് ദേവയാനി ടീച്ചർ എന്നെ വിളിച്ചു കൊണ്ടുപോയി. വിജയൻ മാഷും ഒപ്പമുണ്ടായിരുന്നു

'മാഷെ...എനിക്കറിയാം...പക്ഷെ..ഈ സ്ക്കൂളിലും..ഒരു കോക്കസുണ്ട്...മാഷ് പാവമായി പോയി....അതാണ്.....മാഷ് ഒരു ട്രാൻസ്ഫറിനു ശ്രമിക്കൂ....'

' എന്തു തോന്ന്യാസാ..ടീച്ചറെ ഇത്...'

വിജയൻ മാഷ് പൊട്ടിത്തെറിച്ചു.

'വേണ്ട..മാഷെ...പോകണം...അതെ...പോകണം...'

' മാഷ് തോറ്റുകൊടുക്കുകയാണോ...'

'അല്ലെങ്കിലും...നമ്മളൊക്കെ...തോൽക്കാനായി...ജനിച്ചതല്ലേ...വിജയൻ മാഷേ...'

'മാഷെ....മാഷ്ക്ക്...എന്താ..അസുഖം..'

'ങ്ങേ....'

'മാഷെവിടെയായിരുന്നു....'

ലത ടീച്ചർ ചോദിക്കുന്നു

' കൊറച്ചുകാലായി...ഒരു..തലവേദന...'

'ഒറ്റയ്ക്കാണോ വന്നേക്കണേ....'

'അല്ല...മോളുണ്ട്....ദേ..അവിടെ...'

'ടീച്ചർക്കെന്താ...അസുഖം..'
'ഷുഗറും ...പ്രഷറും..എല്ലാംണ്ട്...'
'മാഷുടെ...ഭാര്യ...ഇപ്പോ....'
ലത ടീച്ചർ ചോദിച്ചു
'നാലുകൊല്ലായി....'
'ഞാനും...ഒറ്റയ്ക്ക് തന്ന്യാ...കഴിഞ്ഞകൊല്ലാ...ആള് ..പോയത്..'
'കുട്ടികൾ...'
'ആ..ഭാഗ്യംണ്ടായില്ല...'
ലത ടീച്ചർ ചിരിച്ചു. വേദന നിറഞ്ഞ ചിരി
'പിന്നെ...വിനോദ് മാഷ്..ഒരാക്സിഡണ്ടിൽപ്പെട്ടു...കാലുരണ്ടും മുറിച്ചു...ചന്ദ്രാനന്ദൻ മാഷ്ക്ക്..ക്യാൻസറാ...'
ഞാനൊന്നും പറഞ്ഞില്ല.
'ചെയ്ത പാപങ്ങൾക്കുള്ള കൂലി. അനുഭവിക്കാതെങ്ങനെ.?'
ലതടീച്ചർ തനിയെ പിറുപിറുത്തു.
ഡോക്ടർ എത്തിയിട്ടുണ്ട്. ടോക്കൺ വിളിക്കാൻ തുടങ്ങി. എന്റെ രണ്ടാം നമ്പർ ആയിരുന്നു..
'കാണാം..'
ഞാൻ ലത ടീച്ചറോട് പറഞ്ഞു.
'മാഷേ....ഒരു..കാര്യം..പറയാനുണ്ടാർന്നു...'
ഞാൻ ടീച്ചറെ നോക്കി
'എന്താ...ടീച്ചറെ...'
'ഞാൻ...കുറെ കാലം...അന്വേഷിച്ചു...
കണ്ടുലോ... ഇപ്പോഴെങ്കിലും...അതുമതി'
അവർ നനഞ്ഞുവന്ന കണ്ണുകളെ സാരി തലപ്പുകൊണ്ട് തുടച്ചു.
കൂട്ടുകാരിയെ കാണാൻ പോയ മകളെത്തി.
'മോളാണ്....'
ഞാൻ പറഞ്ഞു
'ങ്ങാ..കാണാൻ പറ്റിലോ..സന്തോഷം...'
ലത ടീച്ചർ മകളുടെ കൈയ്യിൽ പിടിച്ചു.
അവരുടെ കൈ വിറയ്ക്കുന്നുണ്ടായിരുന്നു.
അടുത്ത നമ്പർ വിളിച്ചു. ഞങ്ങളുടെ ഊഴ മായി.
'ശരി....'
ഞാൻ എഴുന്നേറ്റു.
'ആരാ...അച്ഛാ..അവർ...'
മകൾ ചോദിച്ചു
'ഏയ്...പരിചയമൊന്നുമില്ല..ഇവിടെവച്ച് പരിചയപ്പെട്ടതാ...പറഞ്ഞുവന്നപ്പോൾ...അവരും...ഒരു ടീച്ചറായിരുന്നു...എന്നു പറഞ്ഞു....'
മറക്കാൻ ശ്രമിക്കുന്നൊരു കാര്യമിനി എന്തിന് പറയണം.
'എന്തിനാണ്...അവര്...കരഞ്ഞത്...ആ ടീച്ചർക്ക്..പണ്ടേ...നിങ്ങളെ...ഇഷ്ടമായിരുന്നൂല്ലേ....'
ഭാര്യയുടെ ശബ്ദം കാതിലേയ്ക്കിഴഞ്ഞെത്തി.
'ഇല്ലന്നെ...
നിനക്കെന്നെ...വിശ്വാസമില്ലേ'
ഒരു നുണപറഞ്ഞു ഫലിപ്പിക്കാൻ ഞാൻ പാടുപെട്ടു.
'അച്ഛനിത്..ആരോടാണ്...ഇങ്ങനെ..തനിയെ സംസാരിക്കണേ...'
'ങ്ങേ... ഞാനോ...ഇല്ല...'
ഡോക്ടർ മുറിയിലെത്തി
'എന്താണ്...അച്ഛന്...കുറവുണ്ടോ...'
'അച്ഛനിങ്ങനെ...ഇല്ലാത്ത...പലതും...കാണുന്നുണ്ട്...എന്തൊക്കെയോ ...പുലമ്പുന്നുണ്ട്...'
'അത്...ഈ..അസുഖത്തിന്റെ..ചില ലക്ഷണങ്ങളാണ്...തനിയെ..സംസാരം..ആരെയൊക്കെയോ...കാണുന്നു...തനിയെ ഓരോന്ന് സങ്കൽപ്പിച്ച് കൂട്ടുന്നു....എല്ലാം...ശരിയാവും..ഞാൻ...ഡോസ്...ഇത്തിരി..കൂട്ടിയിട്ടുണ്ട്...പിന്നെ...ഉറക്കം..കിട്ടണില്ലെങ്കിൽ ....ഒരു ഇഞ്ചക്ഷൻ വേണെങ്കിലെടുക്കാം.....'
മകൾ ബെഡ്ഡിന്റെ തലയ്ക്കലിരുന്നു.
എന്തോ...കൈയ്യിൽ..തറച്ചു..വേദനയുണ്ട്.
ലതടീച്ചർ...മുറിയിലേയ്ക്ക് വന്നു.
'എനിക്കൊരു..സമാധാനംല്ല്യ..മാഷേ...അതാണ്..വീണ്ടും...വന്നത്...'
'അവിടെയിരിയ്ക്കാതെ...വേഗം...വരണേ..ഞാനിവിടെയൊറ്റയ്ക്കാണ്..ലതേ കിട്ടിയപ്പോ...എന്നെ..വേണ്ടാതായോ...'
ഭാര്യയുടെ ശബ്ദം നേർത്തുനേർത്തു വന്നു.
'ഞാനിപ്പോ..വരുംന്നേ...'
ചില നിഴലുകൾ കെട്ടുപിണയുന്നു. ഇടുങ്ങിയ ഒരു കുഴലിലൂടെ ആരോ വലിച്ചുകൊണ്ടുപോകുന്നു. തലയില്ലാത്ത ചില രൂപങ്ങൾ നൃത്തംചവിട്ടുന്നു. മുന്നിൽ നേർത്തൊരു നൂൽപാലം. താഴെ തിളയ്ക്കുന്ന എണ്ണയിൽ നീരാടുന്ന തന്റെ മുഖഛായയുള്ള രൂപം.
വേദന കുറയുന്നുണ്ട്...
പതിയെ..കണ്ണടയുന്നു... അതെ കണ്ണടഞ്ഞു പോകുന്നു.



1

## പനി

ഫലത്തിനായ്
കാത്തിരിക്കുന്നുണ്ട്
ഒരു പൊള്ളും പനി
ഇഷ്ടമാണെന്നൊരു
സ്രവം ചങ്കിൽ നിന്നും
പറിച്ചെടുത്ത് തന്നിട്ട്!
പോസിറ്റീവാകുമോ
അതോ, നെഗറ്റീവോ ?

2

## തൊട്ടാവാടി

തൊട്ടപ്പോൾ വാടിയെങ്കിലും
അധികം വൈകാതെ
വിടർന്നിരുന്നു
തിരക്കിൽ നീ
കണ്ടിരുന്നില്ല എന്നു മാത്രം.

3

## പ്രണയം

ഉരസിയ കണ്ണുകൾക്കറിയില്ല
ആളുന്നതിന്റെ
നൊമ്പരം.



ടി.പി.രാധാകൃഷ്ണൻ

**75 വർഷങ്ങൾക്കുമുമ്പ് മരിച്ചുപോയ ഒരു സംഗീതജ്ഞനെ ലോകം ഏതുവിധമാകും ഓർമിക്കുക? അത്ഭുതപ്പെടുത്തിക്കൊണ്ട് പലവിധം എന്ന ഉത്തരം നൽകാനേ സാധിക്കൂ. പുതുതലമുറയിലെ പലർക്കും അങ്ങനെയൊരു പേരുപോലും കേട്ടു പരിചയം കാണില്ല. എന്നാൽ ഇന്നും ദൈവത്തെപ്പോലെ കാണുന്ന അനേകംപേരുണ്ടാവും. ഹിന്ദി സിനിമയുടെ ആസ്ഥാനം കോൽക്കത്തയായിരുന്ന കാലത്ത് അതിലെ ആദ്യ സൂപ്പർസ്റ്റാറായിരുന്ന കെ.എൽ. സെഹ്ഗാളിന്റെ ഓർമയിലൂടെ...**






തേജശ്രീ


# സെഹ്ഗാൾ: ജീവിതം, സംഗീതം, ദുരന്തം...

**ഹാ**ർമോണിയത്തിന്റെ കട്ടകളിൽ വിരലുകൾ അമർത്താൻ തീവ്രമായി ആഗ്രഹിച്ചിരുന്നയാൾ ടൈപ്പ് റൈറ്ററിന്റെ സെയിൽസ്മാൻ ആവുക! എന്തൊരു വിചിത്രമാണ് ജീവിതത്തിന്റെ വഴികൾ!! ജമ്മുവിൽ ജനിച്ച് പലവഴികൾ സഞ്ചരിച്ച് കൊൽക്കത്തയിൽ എത്തിയ കുന്ദൻ ലാൽ എന്ന യുവാവാണ് പ്രശസ്തമായ റെമിംഗ്ടൺ എന്ന ടൈപ്പ്റൈറ്റർ കമ്പനിയുടെ വില്പന തൊഴിലായി സ്വീകരിച്ചത്. സംഗീതത്തോടും നൃത്തത്തോടും കടുത്ത വെറുപ്പായിരുന്നു പിതാവ് അമർചന്ദിന്. എന്നാൽ ഭജനുകളും നാടൻ പാട്ടുകളും ഹൃദയത്തിൽ കൊണ്ടുനടന്ന അമ്മ കേഷറിന്റെ സുന്ദരശബ്ദം കുന്ദൻ ലാലിന്റെ മനസിൽ സംഗീതത്തെ കുടിയിരുത്തി. ജീവിതം പക്ഷേ അയാളെ വിഭിന്നമായ വഴികളിലൂടെ കൈപിടിച്ചു നടത്തിക്കൊണ്ടിരുന്നു. അങ്ങനെ ടൈപ്പ്റൈറ്റർ

വില്പനക്കാരനുമായി. അയാൾതന്നെയാണ് പിന്നീട് ഹിന്ദിയിലെ സൂപ്പർ സ്റ്റാറായ കെ.എൽ. സെഹ്ഗാൾ എന്ന കുന്ദൻ ലാൽ സെഹ്ഗാൾ.

## ആദ്യത്തെ പാട്ട്

പാട്ടിനെ വെറുത്ത അച്ഛനുള്ള വീട്ടിൽ കുന്ദൻ ലാൽ ആദ്യം പാടിയത് എന്തിനെന്നറിഞ്ഞാൽ കൗതുകമാണ്. സ്വന്തം സഹോദരന്റെ അസുഖം മാറ്റാനായിരുന്നു ആ ആലാപനം. കുട്ടിക്കാലത്ത് അസുഖബാധിതനായ സഹോദരനെ ചികിത്സിക്കാനെത്തിയ ഡോക്ടർ മരുന്നിനൊപ്പം മറ്റൊന്നുകൂടി നിർദ്ദേശിച്ചു- സംഗീതചികിത്സ. നല്ല പാട്ടുകൾ കേൾക്കുന്നത് അവന്റെ അസുഖം മാറാൻ വലിയ സഹായമാകും എന്നായിരുന്നു അദ്ദേഹത്തിന്റെ വിലയിരുത്തൽ. അതിന്റെ ഗുണം സഹോദരനേക്കാൾ കൂടുതൽ കിട്ടിയത് കുന്ദൻ ലാലിനായിരുന്നു. പാട്ടിന്റെ അടിസ്ഥാനപാഠങ്ങളിലൂടെയും പരിശീലനങ്ങളിലൂടെയും കടന്നുപോകാൻ കുന്ദൻ ലാലിനു കഴിഞ്ഞു.




എന്നിട്ടും ശാസ്ത്രീയമായി സംഗീതം അഭ്യസിച്ചിട്ടില്ല എന്നത് ഒരു കുറവായി സ്വയം കരുതിയിരുന്നു സെഹ്ഗാൾ. പിൽക്കാലത്തൊരിക്കൽ ഉസ്താദ് ഫയാസ് ഖാനെ സമീപിച്ച് ശിഷ്യനാക്കാമോ എന്നഭ്യർഥിച്ചു. ഒരു പാട്ടു പാടൂ എന്നായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ നിർദേശം. സെഹ്ഗാളിന്റെ പാട്ടുകേട്ട് ഉസ്താദ് സൗമ്യനായി പറഞ്ഞു- നിങ്ങളെ പഠിപ്പിക്കാൻ ഒന്നും ബാക്കിയില്ല! ഇതു ധാരാളം...

## ആ കേൾവിക്കാരൻ

മൊറാദാബാദിൽ 1930കളിൽ നടന്ന ഒരു സംഭവമുണ്ട്. കിരാനാ ഘരാനയിലെ അദ്വിതീയനായ ഉസ്താദ് അബ്ദുൾ കരീം ഖാന്റെ കച്ചേരി നടക്കുന്നു. പക്കവാദ്യക്കാരുടെ കൂട്ടത്തിൽ മുതിർന്ന സാരംഗി വാദകനായ ഇംതിയാസ് അഹമ്മദുണ്ട് അന്ന്. ഖാൻ സാഹിബിന്റെ സ്ഥിരം സാരംഗി വാദകനു സുഖമില്ലാത്തതിനാൽ പകരക്കാരനായി എത്തിയതാണ് ഇംതിയാസ്. വായനയിൽ പിഴവു വരാതിരിക്കാൻ പരമാവധി സൂക്ഷ്മതയോടെയാണ് അദ്ദേഹത്തിന്റെ ഇരിപ്പ്. എന്നാൽ സദസ്സിൽ അത്രയൊന്നും നല്ലതല്ലാത്ത വസ്ത്രങ്ങൾ ധരിച്ച ഒരു യുവാവ് അല്പം അസ്വസ്ഥതയോടെയിരുന്ന് സംഗീതമാസ്വദിക്കുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. പിയാ ബിൻ ആവത് നഹി ചേൻ എന്ന ഠും

രിയാണ് ഖാൻ സാഹിബ് പാടിയിരുന്നത്. ആ സംഗീതപരിപാടി കഴിഞ്ഞു. എല്ലാവരും പിരിഞ്ഞുപോയി.

രാവിരുട്ടി വെളുത്തു. മൊറാദാബാദ് റെയിൽവേ സ്റ്റേഷനിൽ അതേ ഇംതിയാസ് അഹമ്മദ് അതേ യുവാവിനെ കണ്ടു. തലേന്നത്തെ മെഹ്ഫിലിൽ കേട്ട അതേ ഠുംരി അയാൾ അവിടെയിരുന്നു വികാരഭരിതനായി പാടുന്നു. ഇംതിയാസ് അത്ഭുതത്തോടെ അയാളോടു വിവരങ്ങൾ തിരക്കി. അയാളുടെ മറുപടികൾ അദ്ദേഹത്തിന്റെ അത്ഭുതം ഇരട്ടിക്കുന്നവയായിരുന്നു. അയാൾക്ക് ജീവിതത്തിലന്നോളം ശാസ്ത്രീയമായി സംഗീതം പഠിച്ചിട്ടില്ല! ആ സംഗീതം അയാളെ അത്രയ്ക്കു സ്വാധീനിച്ചിരുന്നു, പാടാതിരിക്കാൻ കഴിയാത്തവിധം!.

കുറച്ചു വർഷങ്ങൾ കടന്നുപോയി. ഇതേ യുവാവിനെ പിന്നീടു കാണുന്നത് പ്രശസ്തമായ ഓൾ ഇന്ത്യ മ്യൂസിക് കോൺഫറൻസിലാണ്. പ്രയാഗ് സംഗീത് സമിതി സംഘടിപ്പിച്ച ആ സംഗീത പരിപാടിയിൽ ക്ഷണിതാവായിരുന്നു അയാൾ. അയാൾ വന്നു പാടി, ഹൃദയങ്ങളെ കീഴടക്കി മടങ്ങി. കുന്ദൻ ലാൽ സെഹ്ഗാളായിരുന്നു അത്.

## ഒരേയൊരു മാതൃക

ഹിന്ദി സിനിമയിലെ പാടി അഭിനയിക്കുന്ന നായകരിൽ ആദ്യത്തെ സൂപ്പർ സ്റ്റാറായി പിന്നീടു സെഹ്ഗാൾ. പിന്നീടു വന്ന ഒരുപാടു ഗായകർക്ക് മാതൃകയായിരുന്നു അദ്ദേഹം. എങ്ങനെ പാടിയാലും ആ ശൈലി അനുകരിച്ചുപോകുന്നത്ര സ്വാധീനം. അതേ സമയം നിർമാതാക്കൾ സൈഗാളിന്റെ ശൈലിയിൽ പാടൂ എന്ന് ഗായകരോടു നിർദേശിക്കുകപോലും ചെയ്തു. മറ്റാരോടുമല്ല, കിഷോർ കുമാറിനോടും മുകേഷിനോടും! രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും എന്നു പറഞ്ഞതുപോലെ, സ്വരശൈലികളിൽ സെഹ്ഗാൾ ഉദിച്ചുനിന്നു., പ്രത്യേകിച്ച് കിഷോർ കുമാറിൽ. പിൽക്കാലത്ത് അവർ ഇരുവരും സ്വന്തം ശൈലി വികസിപ്പിച്ചെടുത്ത ശേഷമാണ് സെഹ്ഗാളിന്റെ സ്വാധീനത്തിൽ നിന്നു രക്ഷപ്പെട്ടത്.

ദുഃഖഭരിതനായ, സ്വയം ഉള്ളിലേക്കു വലിഞ്ഞ നായകന്മാരുടെ പാട്ടുകൾ സെഹ്ഗാളിന്റെ ആലാപനത്തിൽ അത്യന്തം ഹൃദയദ്രവീകരണശേഷി നിറഞ്ഞവയായിരുന്നു. പതിഞ്ഞ താളവും താഴ്ന്ന സ്ഥായിയുംകൊണ്ടുമാത്രം വിഷാദഗാനങ്ങൾ കേൾവിക്കാരെ അനുഭവിപ്പിക്കില്ല. സെഹ്ഗാളാകട്ടെ, ആ പാട്ടുകളിൽ ജീവിക്കുകയായിരുന്നു., കേൾവിക്കാരും.

## ഒപ്പം തെറ്റായ മാതൃകയും

ആരും അനുകരിക്കാൻ പാടില്ലാത്ത ഒരു മുഖവുമുണ്ടായിരുന്നു സെഹ്ഗാളിന്. മറ്റൊന്നുമല്ല- ലഹരി. അദ്ദേഹത്തിന്റെ ജീവിതത്തെ തകർത്തെറിഞ്ഞത് മദ്യമാണ്. അമിതമായി മദ്യപിച്ചാണ് മിക്കപ്പോഴും അദ്ദേഹം റെക്കോർഡിംഗുകൾക്ക് സ്റ്റുഡിയോയിൽ എത്താറുള്ളത്. ഇടവേളകളിൽ മദ്യം ഒഴിച്ചുകൊടുക്കാനായി ഒരു സഹായിയേയും അദ്ദേഹം ചുമതലപ്പെടുത്തി. രഹസ്യമായും പിന്നീട് പരസ്യമായും മദ്യപാനം പതിവായി. ആരാധകരും സംഗീതസംവിധായകരും ഇതിൽ ദുഖിതരായിരുന്നു.

ജബ് ദിൽ ഹീ ടൂട്ട് ഗയാ എന്ന പ്രശസ്തമായ ഗാനം മദ്യപിച്ചും അല്ലാതെയുമുള്ള അവസ്ഥകളിൽ സെഹ്ഗാളിനെക്കൊണ്ടു പാടി റെക്കോർഡ് ചെയ്യിച്ചു, സംഗീതസംവിധായകൻ നൗഷാദ്. പിന്നീട് രണ്ടു പതിപ്പുകളും അദ്ദേഹത്തെ കേൾപ്പിച്ച് ചോദിച്ചു- മദ്യപിക്കാതെ പാടിയതല്ലേ കൂടുതൽ നല്ലത്? അതു സമ്മതിച്ചുകൊണ്ട് സെഹ്ഗാളിന്റെ മറുപടി ഇങ്ങനെയായിരുന്നത്രേ: എന്റെ ജീവിതത്തിലേക്ക് നിങ്ങൾ കുറേക്കൂടി മുമ്പു വരണമായിരുന്നു. ഇതിപ്പോൾ വൈകിപ്പോയിരിക്കുന്നു!

വിധി പക്ഷേ വൈകാതെയെത്തി. വെറും 43 വയസായിരുന്നു മരിക്കുമ്പോൾ സെഹ്ഗാളിന്. കഴിഞ്ഞ മാസം പതിനെട്ടിനായിരുന്നു ഓർമദിനം.

സ്വന്തം കഴിവുകളെ വളർത്തുന്നതിൽ എന്താവണം, ദുശീലങ്ങൾക്ക് അടിമപ്പെടുന്ന കാര്യത്തിൽ എങ്ങനെയാവരുത് എന്നിവ പഠിക്കാൻ സെഹ്ഗാളിന്റെ ജീവിതം ഇനിയുള്ള തലമുറകളെ സഹായിക്കും. പശ്ചാത്തലത്തിൽ ആ പാട്ടുകളുണ്ടാവും.

●

# പുതിയ വീട്



ചിന്തകൾ
പുരോഗമിച്ചപ്പോഴാണ്
മേൽവിലാസമുണ്ടായിട്ടും
പഴയ വീടിന്
പൗരത്വം നഷ്ടമായത്..
ഒരായുസ്സിന്റെ മുഴുവൻ
അടയാളം പുരണ്ടു പോയതിനാലാണ്
അടുക്കളയെ മാറ്റി
കിച്ചനെ കുടിയിരുത്തിയത്..
പഴയ വേർഷനായതിനാൽ
അച്ഛനെയുമമ്മയെയും
പുതിയ വീട്
സപ്പോർട്ട് ചെയ്യാതായപ്പോഴാണ്
അവരെ വീട്ടിൽ നിന്നും
അൺഇൻസ്റ്റാൾ ചെയ്തത്..
അപ്ഡേറ്റ് ചെയ്യാൻ പോലും
പറ്റാതായതിനാലാണ്
വല്യമ്മയുടെ വെറ്റിലച്ചെല്ലം
വല്യച്ഛന്റെ ചാരുകസേരയോടൊപ്പം
പടിയിറക്കപ്പെട്ടത്..
വീട്ടു ചരിത്രം
തിരുത്തിയെഴുതിയവരാണ്
കോലയയെയും
തായേരത്തെയും
വെട്ടിമാറ്റി അപമാനിച്ചത്..
സിറ്റൗട്ടിനോടും
ഹാളിനോടും
സ്റ്റോർ റൂമിനോടുമൊപ്പം
വെളിമ്പ്രദേശത്തെ ആട്ടിപ്പായിച്ച്
യൂറോപ്യനെ കുടിയിരുത്തിയതും..
ചരിത്രമിനിയും വഴിമാറും..
വീടുകളിനിയും പുതുതാവും..
ഒരിക്കൽ നമ്മളും
പഴയ വേർഷനാകും...



സെയ്തലവി വിളയൂർ



# കവിതയെ നിർദ്ധാരണം ചെയ്യുമ്പോൾ



രേഖ സി.ജി.

കയറ്റിറക്കങ്ങളുടെ
ചുരവളവുകളിൽ
ഞാനേറ്റിവന്ന വേനലുകൾ
നിങ്ങൾ കുടിച്ചുതീർത്തു.

നിർദ്ധാരണമൂല്യമില്ലാത്ത
മിത്തുകളിൽ നിന്നും
ഉതിർന്നുപോകുന്ന
ഉത്തരത്തെ വലിച്ചെടുത്തു.

പിറവിയുടെ അമൂല്യതയിൽ
കൊഴിഞ്ഞുപോയ പാമ്പിൻപടങ്ങളിൽ,
വേർപ്പണിഞ്ഞ ചതുരക്കട്ടകളെ
തുന്നിച്ചേർത്തു.

കാഴ്ചകളിൽ അലഞ്ഞുതിരിയുന്ന
ചക്രവാതച്ചുഴികളിൽ
നിർത്താതെ അലിയുമൊരു
തൈത്തെന്നലാകുന്നു ഞാൻ.

കൊഴിച്ചിട്ട ഇലകളിൽ
കോടമഞ്ഞു പുതയ്ക്കുമ്പോൾ
പച്ചപ്പുതേടി ഭൂമിയുടെ
ഉള്ളറകളിലേക്കേരെത്തിനോട്ടം.

പറത്തിവിട്ട പട്ടത്തിനറ്റത്ത്
ശൂന്യതയുടെ കറുപ്പറ്റങ്ങളിൽ
പെണ്ണുടുപ്പുകളുടെ രോദനം
നിശബ്ദമാക്കപ്പെടുന്നു.

പറന്നുയർന്ന മാന്ത്രികപ്പക്ഷി
മരത്തിൽ കൂടുകൂട്ടുമ്പോൾ
സംരക്ഷണവലയത്തിന്റെ
അടിവേരിളക്കുന്നു.

അതെ ...

കവിതയെ നിർദ്ധാരണം ചെയ്യുമ്പോൾ
ശിഷ്ടമറ്റ കൊതുമ്പുവള്ളങ്ങൾ
തുഴയില്ലാതെ കാറ്റിലേക്ക്
അലിഞ്ഞലിഞ്ഞില്ലാതാകുന്നു.

# പിൻനടത്തം

കൊള്ളുകേറി
കുണുങ്ങിവന്ന
ഒരു കുഞ്ഞു കവിത
മുറ്റത്തുമ്പു തടഞ്ഞ്
കമിഴ്ന്നടിച്ചു വീണു

വാതിലിന്റെ
ഒറ്റപ്പാളിമാത്രംതുറന്ന്
ഒരു കുസൃതിക്കാറ്റ്
അകത്തേക്ക് എത്തി -
നോക്കി

കിഴക്കെ മതിൽക്കെട്ടിലെ
മാവിൽനിന്ന്
ഡപ്പ കളിച്ചു കൊണ്ടിരിക്കുന്ന
അണ്ണാൻ കുഞ്ഞിന്റെ
കൈയിൽ നിന്ന്
റബ്ബർ പന്തുപോലെ ഒരു
കിടുക്കാച്ചിമാങ്ങ തെറിച്ചുവന്ന്
തൊട്ടാവാടിക്കാട്ടിലൊളിച്ചു

കഴമ്പുമണവും പേറി
കുന്തിച്ചിരിക്കുന്നുണ്ട്
കോലായിലൊരു ചാരുകസേര

വാനിറയേ ചിരിച്ച്
ചുവന്ന ചാറ്പാറ്റിത്തുപ്പി
അമ്മിണ്ണയെ മടിയിൽ കിടത്തി
കാലും നീട്ടിയിരിപ്പുണ്ട്
അടുക്കളപ്പുറത്ത് ഒരമ്മിക്കല്ല്

ഓർമ്മകളിൽനിന്ന് ഒരെട്ടുവയസ്സു -
കാരൻ
ഞെട്ടിയുണർന്ന് എഴുന്നേറ്റ് നടക്കുന്നു
അമ്പത്തഞ്ചു വയസ്സുകാരനായി





രാജു കാഞ്ഞിരങ്ങാട്



# സമയത്തിന്റെ അടയാളങ്ങൾ



ഡോ.പി. സജീവ്കുമാർ

സമയത്തെക്കുറിച്ച് പോയകാലത്തിന്റെ
അടയാളങ്ങൾ ഇങ്ങനെയും .

ദൂരെ, തേവരുടെയമ്പലത്തിൽ,
ബ്രാഹ്മമുഹൂർത്തത്തിനു മുമ്പേ
മൂന്നുതവണ വെടി പൊട്ടും .
ദേശങ്ങൾ തുളച്ചെത്തും
ആ നാദമായിരുന്നു
പലരേയും വിളിച്ചുണർത്തിയിരുന്നത്.
അന്നേരം പല വീടുകളിലും അമ്മമാർ ഉറ
ക്കമുണർന്ന് അടുപ്പിൽ തീപൂട്ടും.

നേരം പരക്കെവെളുത്തു വരുമ്പോൾ
ഇടവഴിയിൽ പാൽക്കാരൻ
ദാമുപണിക്കരുടെ സൈക്കിൾ ബെല്ല്,
ശബ്ദമുതിർക്കും
ആകാശവാണിയിലന്നേരം
പ്രഭാതവന്ദനം കേൾക്കും.

സൂര്യകിരണങ്ങൾ മൂടൽമഞ്ഞു
തുളച്ചു കീറുമ്പോൾ
ലോറികൾ ചുരം കേറിപ്പോകും
ഊരിൽനിന്നും ആടുകളുമായപ്പോൾ
ഇറങ്ങുന്ന മണിയൻ തിരികെ പോകുന്നത്
പോക്കുവെയിലിൽ
ലോറികൾ ചുരമിറങ്ങുമ്പോഴാണ് .

പള്ളിക്കൂടത്തിൽ
ഒരു കാലത്തും വാച്ച് കെട്ടാത്ത
കുട്ടൻ മാഷ് മുറ്റത്തെ വെയിലു നോക്കി
സമയം തിട്ടപ്പെടുത്തും.
മാഷിന്റെ ക്ലാസ് കിറുകൃത്യമായി
അടുത്ത ബെല്ലിനു തൊട്ടു മുന്നേ തീരും.

പറമ്പു പണിക്കുവന്നിരുന്ന
കുട്ടിശങ്കരേട്ടൻ വെയിലുദിക്കുമ്പോൾ
കിളക്കാൻ തുടങ്ങും ,
നിഴലന്നേരം മുന്നിലായിരിക്കും
നിഴൽനീളം കുറയുന്ന ഉച്ചയിൽ
ഊണു കഴിക്കാൻ കേറും.
പിന്നെയും പണിക്കിറങ്ങും ,
സ്വന്തം നിഴൽ
പിറകിലാവുമ്പോൾ പണി നിർത്തും.

മീൻകാരൻ മുഹമ്മദും ,
കോഴികൂവും മുന്നേയിറങ്ങും
വെയിലുമൂക്കും മുന്നേ
കച്ചോടം കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തും.
മുഹമ്മദിന്റെ കൂക്കിവിളിയായിരുന്നു
പലർക്കും ഘടികാരം .

സന്ധ്യ കഴിഞ്ഞാൽ
പാടം കടക്കുന്ന ചൂട്ടു വെളിച്ചങ്ങൾ,
രാത്രിയിൽ തവള പിടുത്തക്കാരുടെ
പെട്രോമാക്സ് തിളക്കങ്ങൾ ,
രാവിന്റെ ഏഴാം യാമത്തിൽ
ദൂരങ്ങൾ കടന്നെത്തുന്ന
അജ്ഞാതന്റെ പാട്ട്,
ഒക്കെയും സമയത്തിന്റെ വെളിപാടാകും.

പ്രകൃതിയിലെ പല പല ശബ്ദങ്ങൾ,
കുയിൽപ്പാട്ട്,
അണ്ണാറക്കണ്ണന്റെ ചിലപ്പ്,
ഒരു നത്തിന്റെ മൂളൽ,
വെളിച്ചത്തിന്റെ ഏറ്റിറക്കങ്ങൾ
ചില കാഴ്ചകൾ, നിഴലുകൾ
ചിലരുടെ വരവും പോക്കും
ഒക്കെയായിരുന്നു ,
സമയത്തിന്റെ മുഴക്കങ്ങൾ .

അത് അന്തക്കാലം
ആരൊക്കെ മറന്നാലും,
പുതു ചരിത്രമെഴുത്തായാലും
പുതുകാലമായാലും
പുതുവഴികളായാലും
അതൊക്കെയിവിടെ കറങ്ങിനടപ്പുണ്ട് ,
ചില പ്രാചീനഗന്ധങ്ങൾ പോലെ .
അലിഞ്ഞുചേർന്നിട്ടുണ്ട്,
രക്തബന്ധങ്ങൾ പോലെ.
പിൻതുടരുന്നുണ്ട്
പ്രകൃതിയുടെ ദൃഢാലിംഗനമായ് .

# ഇക്കാവ്



ശ്രീജ വിജയൻ


**ഉ**ള്ളിൽ കൊത്തി വലിക്കുമ്പോഴാണ് ചിലത് കവിതയാവുന്നത്

കെട്ടിവരിയുമ്പോഴും വേദനയ്ക്കപ്പുറം ഒരുതരം സുഖമുണ്ട്.

കാശിനാഥന്റെ 'ഇക്കാവ്,' തരുന്ന വായനാനുഭവമിതാണ്.

പേരുകൊണ്ടുതന്നെ ശ്രദ്ധിക്കപ്പെടുന്ന പുസ്തകമാണ് ഇക്കാവ്.ഇക്കാവ് എന്നാൽ വാത്സല്യഭാജനമായ പെൺകുട്ടി.

പ്രണയത്തിനും കലഹത്തിനുമിടയിൽ ജീവിതത്തിന്റെ നീളുന്ന പാതകളിലൂടെ കണ്ടും ശീലിച്ചും പരിചിതമായ ചിത്രങ്ങളാണ് ഇവിടെ കവിത.പിടികിട്ടാതുഴറുന്ന വാക്കുകൾ ചേർത്തുവച്ച് നടുക്കുന്ന ഓർമ്മകളുടെ ഋതുക്കളാണ് ഈ ചിത്രങ്ങൾ പങ്കുവയ്ക്കുന്നത്.,'ആർത്തിരമ്പുന്ന കടൽ നിലാവിനെ തൊട്ടപ്പോൾ 'എന്ന ഒറ്റവരി മതി കവിതയിലെ ഭാവ പ്രപഞ്ചത്തെ തിരിച്ചറിയാൻ.




വിരഹവും പ്രണയനഷ്ടവുമെല്ലാം വ്യത്യസ്ത പദാവലിയിലൂടെ കടന്നു വരുന്നതും പുതുമ തോന്നിപ്പിക്കുന്ന കാഴ്ചകളാണ്.

മുപ്പത്തിയൊന്ന് കവിതകളുള്ള ഇക്കാവിന്റെ അവതാരിക എഴുതിയിരിക്കുന്നത് ജെ.ജയകുമാർ സാറാണ്. ഒപ്പം എം.കെ സാനുമാഷിന്റെ ആശംസകളും. പഠനം തയ്യാറാക്കിയിരിക്കുന്നത് ഡോ.മുഞ്ഞിനാട് പത്മകുമാറാണ്.

പുസ്തകത്തിന്റെ ആദ്യ പേജിലെ ഇടപ്പള്ളിയുടെ വരികളും തുടർന്ന് കാശിനാഥന്റെ ആമുഖവും തീക്ഷ്ണതയെ അതിശക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. അസ്വസ്ഥതയുടെ ലോകത്തും കവിത പൂത്തുലയുന്നതും, പടർന്നു പന്തലിക്കുന്നതുംകാണാം.

കവിതയെന്നാൽ എന്താണെന്ന് ചുരുങ്ങിയ വാക്കുകളിൽ ആമുഖത്തിൽ വ്യക്തമാക്കിയുണ്ട് കവി. തീക്ഷ്ണത പൊള്ളിക്കുമ്പോഴും സ്നേഹാക്ഷരമായി തീരുന്നവ. ജീവിതത്തിന്റെ പേമാരി പെയ്ത്തുകളിൽ കയറി നിൽക്കാനൊരിടം .ജീവിതത്തിന്റെ ഉപ്പിൽ നിന്ന് ഊർജം കണ്ടെത്തുന്ന കൈവഴി അങ്ങിനെയങ്ങിനെ.

കാശിനാഥന്റെ കവിതകൾക്ക് വല്ലാത്ത താളമുണ്ട്. ചിലപ്പോഴത് പരുക്കനായേക്കാം മറ്റു ചിലപ്പോൾ ഇടർച്ചയുടേത്. എങ്കിലും ആ താള നിബദ്ധതക്കൊരു സൗന്ദര്യമുണ്ട്. വാങ്മയ ചിത്രങ്ങളുടെ ഘോഷയാത്ര കവിതയിലുടനീളം കാണാം

ഇക്കാവിലെ ആദ്യ കവിതയാണ് നീർക്കിളി

തിരയടങ്ങുമ്പോഴും അശാന്തമായി തുടരുന്ന തീരത്തെത്തുമ്പോൾ ഓർമകളോടിയെത്തുകയാണ്.പണ്ടു സായന്തനത്തിനു ഭംഗി കൂട്ടിയ തീരം ഇന്ന്മിഴി പൊള്ളിക്കുകയാണ്. ഓർമകളെയും ജീവിതത്തെയും പകുത്ത് രണ്ടിടത്താക്കിയിരിക്കുന്നു.

പൊടി മണലുപാറിയ ജീവിത ചിത്രത്തിൽ നിഴലു വീഴ്ത്തുന്ന പക്ഷികൾ ഒടുങ്ങി തീരുകയല്ല ഫീനിക്സായി ശുഭാപ്തി വിശ്വാസത്തിന്റെ പ്രതീകമായി ഉയരുകയാണ്.

കയറ്റിറക്കത്തിലൂടെ
ഒഴുകിത്തിടം വച്ച ജീവിതം
നങ്കൂരം അകലെയെന്നാലും
അലയടിക്കുന്ന അടയാളം.
( തീരത്ത് നിന്ന്)

അസ്വസ്ഥത ആറ്റിക്കുറുക്കുന്ന വരികളാണ്

ഭാഷയ്ക്ക് ആശയ വിനിമയ സാധ്യതകൾ ഏറെയുണ്ടെങ്കിലും ചില വേള അത് പാലായനമാകുന്നുവെന്നും, ചിലപ്പോൾ ഭാഷ പ്രണയത്തിന്റെ തടവറയാണെന്നും. അറ്റം കൂട്ടി ചേർക്കാനാവാതെ നെടുവീർപ്പിടുമ്പോഴും ഇരമ്പലുകളുടെ താളപ്പിഴ സൃഷ്ടിക്കുമ്പോഴും പീന്നിടത് സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ നയരേഖയാവുമെന്നാണ് എഴു

ത്തുകാരൻ പറയുന്നത്.

പ്രണയാർദ്രമായ നിനവുകളെ ഒതുക്കി പ്പറയലാണ് ഇക്കാവ് എന്ന കവിത. എത്ര കാലം പിന്നിട്ടാലും നിഴലുപോലെ പിന്തുട രുന്ന ഓർമകൾ താഴ് വരയിലെ കൊച്ചു പൂ പോലെ വിരിഞ്ഞു നിൽക്കണമെന്നു പറയു മ്പോഴും നഷ്ടബോധം നീറി പുകയുകയാ ണ്.

പ്രണയക്കുന്ന് ചുമന്നിട്ടും മിതഭാഷിയാ ണ് എഴുത്തുകാരൻ .ലഹരി എന്ന കവിത അതിനുദാഹരണമാണ്.

യാഥാർത്ഥ്യത്തെയും അതിലേറെ പ്ര ണയത്തെയും സൂക്ഷിച്ചു വയ്ക്കുകയാണ് നിന്നെ വീണ്ടെടുക്കുമ്പോൾ എന്ന കവിത.

പുതിയ പദപ്രയോഗങ്ങളും ഈ കവിതാ പുസ്തകത്തിൽ കാണാം.

അടരുവാൻ കാത്തു -
കിടക്കുന്ന വാക്കുകൾ
പുഴഞരമ്പിൽ മുളച്ച
രണ്ടെത്തുകൾ

ഇതിലെ എത്ത് എന്നതും, മോഹം തോ റ്റിയ എന്നിവയൊക്കെ ആദ്യമായി കേൾക്കു ന്ന വാക്കുകളായി തോന്നിക്കുന്നു. കവിത ,ഒരു ചെടി യിൽ മുളവരുന്നതുപോലെ സ്വ ഭാവികമായ ഒരു പ്രക്രിയയാണെന്നു പറയു കയാണ് 'ഇഴ' യിലൂടെ.

ആത്മീയതയുടെ തീരം സ്പർശിക്കുന്ന കവിതകളാണ് തിര, ബുദ്ധന്റെ ചിരി നഗ് നൻ എന്നിവ.

സമയ ബോധമോ, കാലബോധമോ ഇ ല്ലാതെ കൊടും നിശബ്ദത പൂക്കുന്നയിടമാ യി ഇടനാഴി ചുരുങ്ങുന്നു.

ഓർമകളുടെ കടന്നുകയറ്റവും വാക്കുക ളുടെ പ്രതിധ്വനിയുമായി ജീവിക്കുന്ന മനു ഷ്യർ. അവരെ തടസപ്പെടുത്താനായി മുറി യിലെ പങ്ക പോലും തയ്യാറാവുന്നില്ല. അ ന്തർമുഖതയെ എത്ര ഭംഗിയായി അവതരി പ്പിക്കുന്നു. ഒപ്പം അതിനെ മറികടന്നു പുറ ത്തു വരേണ്ടതെങ്ങനെയെന്നും പറഞ്ഞു ത രുന്ന കവിതയാണ് തിര.

മഞ്ഞുതുള്ളിയിലെ ആകാശമെന്ന പോ ലെ വിശാലതയെ സ്വപ്നം കാണുന്ന ദിശാ സൂചകം എന്ന കവിത. തിരമാല തിരിച്ചു തീരം പോലെ ശാന്തമായ അവസ്ഥാന്തരമു ണ്ട് ജീവിതത്തിനെന്നു പറയുന്ന മരണമെ ന്ന കവിത, മനുഷ്യനിലെ വീരനെയും ഭീ രുവിനെയും വെളിപ്പെടുത്തുന്നു.

വ്യക്തിഗതമായ നിലവിളികളിൽ നിന്ന് ,നാടിന്റെ നിലവിളികളിലേക്ക്, പ്രകൃതിയു ടെ ദീനരോദനത്തിലേക്ക് എത്തി നിൽക്കു ന്ന പാരിസ്ഥിതിക തലം കൂടിയുണ്ട് നില വിളിയെന്ന കവിതയ്ക്ക്.

പച്ചപ്പിന്റെ വശ്യതയും പൂക്കളുടെ ശബ ളിമയും ആവോളം ആസ്വദിക്കുമ്പോഴും പൊള്ളിയടർന്ന വാക്കുകളോടെ ഹൃദയവേ ദന അനുഭവിപ്പിക്കുന്ന കവിതയാണ് രണ്ടി ടത്ത്.

സമകാലിക രാഷ്ട്രീയ സമസ്യകളെ അ വതരിപ്പിക്കുന്ന ചരിത്രത്തിൽ, രക്തസാക്ഷി ക്ക് എന്ന കവിതകളും ശ്രദ്ധേയമാണ്. ചെ റിയ കവിതകളാണെങ്കിലും വലിയ അർത്ഥ തലമുള്ളവ തന്നെയാണ്. രക്തസാക്ഷിക്ക് എന്ന കവിത ഇടയ്ക്ക് വച്ച് ജീവിതം നിറു ത്തേണ്ടി വന്ന പല മുഖങ്ങളെയും ഓർമ്മി പ്പിച്ചു.

സ്വത്വം തേടി അലയുന്നവരുടെ മനസു വായിച്ച കവിതകളാണ് വിഹായസ്സിലേക്ക്, മുട്ട, ഇഴ തുടങ്ങിയവ.

വലിഞ്ഞു മുറുകിയ മുഖം
പ്രയാസങ്ങളുടെ ഖനിയാണ്.
ജീവിതപ്പാത തീർത്ത രേഖകളാണ്.
സഹനക്കുന്നിലേക്കുള്ള
കയറ്റമാണ്.
ഒട്ടിപ്പോയ കവിൾക്കുഴികൾ
മറികടക്കാനാവാതെ
വീണുപോയ കയങ്ങളുടെ
ഓർമയാണ്.

നിസഹായതയെ ഇതിനപ്പുറം എങ്ങിനെ യാണ് രേഖപ്പെടുത്തുക.

പുതിയ കാലത്തിലെ മോഹമാണ് വെ റുതെ എന്ന കവിത. മുഖാവരണമില്ലാതെ കാറ്റിനെ തലോടാനും, ഇഷ്ടം പോലെ വഴി കളിൽ അലഞ്ഞു തിരിയാനും, ചിന്തകളിൽ പോലും അകലമില്ലാതിരിക്കാനുള്ള മോഹം.

ഇത്തരത്തിൽ ഒരു പിടി നല്ല കവിതക ളുടെ സമാഹാരമാണ് ഇക്കാവ്.

കവിത സംസാരിക്കേണ്ടത് ഹൃദയങ്ങ ളോടാണ്. ആഴത്തിൽ സ്പർശിച്ചു കടന്നു പോവുമ്പോൾ അനുഭവങ്ങളുടെ ലോകം തു റന്നിടാനാവുന്നു. അപ്പോഴാണ് വാക്കുകൾ ക്കതീതമായ അവസ്ഥ കൈവരുന്നത്. കാ ശിനാഥന്റെ കവിതകളെല്ലാം ഈയർത്ഥത്തി നോട് ചേർന്നു നിൽക്കുന്നവയാണ്. ഏതു നീറിപ്പടരലിനുമൊടുക്കം ഒരു പ്രതീക്ഷ പ ങ്കു വയ്ക്കുന്നവയാണ്. ഇക്കാവ്, വ്യത്യസ് തമായ വായന പ്രധാനം ചെയ്യുന്നതും ഇ തുകൊണ്ടു തന്നെ.

# വേര്



കത്തുന്ന വേനലിൽ,
നില തെറ്റുന്ന ദുഃഖ വഴികളിൽ
പല വേള പാദങ്ങളിടറി വീഴുമ്പോഴും
ഒറ്റ വേരിലെന്നെ പിടിച്ചു നിർത്തുന്നു നീ

വെറും വെറുമൊരു തണലല്ലെനിക്കു നീ,
യത്രയ്ക്കകമേ ദൃഢമായ് പതിഞ്ഞൊരു
നൂറു ജന്മത്തിൻ കാവൽ പ്രപഞ്ചമോ....

മിഴിവിദൂരത്തിലെങ്കിലും പ്രാണന്റെ
അതി നിഗൂഢതയിൽ നീയാഴ്ന്നു
നിൽക്കവെ....
അകച്ചൂടി, ലോരോ വേവിലും
പൊട്ടി യടരും കിനാത്തുണ്ടിലൊക്കെയും
മറുജന്മ മോഹ പ്രപഞ്ചത്തിൽ പിന്നെയും
എന്നെ തളയ്ക്കുന്നു,നീയെന്ന വിസ്മയം....'

ഉൾ നോവിലലിവിൻെറ യിത്തിരി പൊൻ ചിരാതരികിലില്ല,
വീർപ്പിനായ് പിടയുമ്പോഴും
അകലെയെങ്കിലും അരികെ നീയുണ്ടെന്നതിവിലോലമായ്
തുടിക്കുന്നു മാനസം....

കൈവിട്ട നിദ്രകൾ രാക്കൂട്ടിലെ
പേക്കോല ചിന്തകൾ
മിഴികളിൽ പുഴ നിറയ്ക്കുന്ന വേളയിൽ
എത്തിപ്പിടിക്കുവാൻ ഒരു മരച്ചില്ലയായ്
നീയുണ്ട് നീയുണ്ട് ജീവരാഗങ്ങളിൽ....

വെള്ളപുതപ്പിച്ചകത്തളങ്ങളിൽ
നൊന്ത ചുംബനച്ചൂടിൽ ലയിക്കിലും
നേർത്തൊരാരവ മെങ്ങോ ചുമന്നുകൊണ്ടന്ത്യ യാത്രാമൊഴിയിൽ
മടങ്ങിടിൽ
ഏതൊരുൾക്കരുത്താലെ ഞാൻ
നിന്നെ
ദൂരെ ദൂരേയ്ക്കടർത്തി മാറ്റിടും,,,,

എന്റെ ഗൂഢമാം ധൈര്യവും, സദാ
എന്റെ വഴിയിലെ വസന്തവുമാകയാൽ
കാത്തു വയ്ക്കട്ടെ ഓർമയിൽ നിത്യം
കാത്തു വച്ചൊരീ നിത്യ സൗഹാർദ്ദത്തെ



ഹാജറ കെ.എം.

സ്കൈ ലാൻഡ് ടവറിന്റെ പതിനാലാം നിലയിലെ
പതിനൊന്നാമത്തെ മുറിയിൽ
കിടന്നുറങ്ങുന്ന ഞാൻ
സ്ഫോടന ശബ്ദം കേട്ട് ഞെട്ടിയുണർന്നു
ബാൽക്കണിയിൽ ചെന്ന് പുറത്തേക്ക് നോക്കി

നഗരത്തിന്റെ അങ്ങേത്തലക്കലുള്ള
കെട്ടിട്ടങ്ങൾ നിലം പതിച്ചു തുടങ്ങിയിരിക്കുന്നു

താഴെ റോഡിൽ വാഹനങ്ങൾ ഉടമസ്ഥന്മാർ
തന്നെ തല്ലിപ്പൊളിക്കുന്നു

ഈ നഗരം മുഴുവൻ നശിപ്പിച്ചു പഴയത്
പോലെ കാട് വച്ചു പിടിപ്പിക്കും

വീടുകളിൽനിന്ന്
ഏറുമാടങ്ങളിലേക്കും,
ഗുഹകളിലേക്കും നമ്മൾ താമസം മാറും

അമ്പും, വില്ലുമായി വേട്ടക്ക് പോകണം
വേട്ടയിറച്ചി തിന്ന്,
കാട്ടുതേൻകുടിച്ചു
പഴയത് പോലെയാകണം!

ഈ കെട്ടിടങ്ങൾ തകർക്കുമ്പോൾ
എന്തൊരൊച്ചയും പൊടിയുമാണ്

ഇതിലും ഉയരെ മനുഷ്യൻ കെട്ടിപ്പൊക്കിയ
സംസ്കാരം തകർത്തത് ആരും അറിഞ്ഞിരുന്നില്ല.



ബഷീർ മുളിവയൽ



# പുതിയലോകം

# ചേനേം മുതിരീം



ചൊറിയൻ ചേനക്ക്
മുതിരയെങ്ങനെ ചെങ്ങായായീന്ന്
വടക്കിണി തീർക്കണ്ട കാര്യാണ് ട്ടോ

പണ്ട് കുതിരപ്പുറത്ത്ന്ന്
ഒരു സായ്പ് ഉരുണ്ടു വീണത്
ചൊറിയൻ ചേനേന്റെ മണ്ടേക്കാണ്ന്ന്
പണ്ടാരാണ്ട് പറഞ്ഞോലോന്ന്....

ഈച്ചീം ചക്കരീംപോലെ
ഇറച്ചീം പത്തിരീംപോലെ
ഞാനും ങ്ങളും കഴിഞ്ഞേ പിന്നെല്ലാണ്
ചേനേം മുതിരീം വന്ന് വടക്കിണി കേറ്യേത്!
ഒന്നൂല്ലാത്തോന്റെ മണ്ടക്ക്
കൊട്ടത്തേങ്ങ വീണ പോലെ
കുന്തം മിണുങ്ങി മുണ്ടാട്ടം മുട്ട്യോനെപ്പോലെ
ആനേം അണ്ണക്കൊട്ടനേം നോക്കി
മ്മള് രണ്ടാളും പൂമോത്ത് കുത്തിരിക്കുമ്പളാണ്
ചേനേം മുതിരീം ഒപ്പരം പോന്നത്...

ചൊറിഞ്ഞിട്ട് ഇറക്കാനും
പുളിച്ചിട്ട് തുപ്പാനും പറ്റാണ്ട്
ങ്ങളും ഞാനും കഴിഞ്ഞേന്റടയ്ക്കല്ലേ
മ്മള് ചേനേം മുതിരീം കൂട്ടാൻ വച്ചത്...

പന്തീരാണ്ട് ഓടക്കോയ്ല് കെട്ടീറ്റും
നീരാത്ത നായേന്റെ വാലോലെ
വടക്കോട്ടും തെക്കോട്ടും നടന്ന് നടന്ന്
മ്മളെ കാല് കൊഴഞ്ഞപ്പളല്ലേ
ചേനേം മുതരീം മ്മളെ എടങ്ങാറാക്കീത്.....

പണ്ടാരാണ്ട് പറഞ്ഞ പോലെ
ഭൂമി മലയാളം ഉരുണ്ടുരുണ്ട് പോവന്നല്ലേ
അതുക്കൂടെ മ്മള് രണ്ടാളും
മണ്ടി മണ്ടി കൊഴങ്ങന്നല്ലേ..
മോരും മീനും കൂട്ടിട്ടല്ലേ
മ്മളെ പേരക്കുട്ടി ചോറ് തിന്നണത്..
ഇപ്പരോം അപ്പരോം തിരിഞ്ഞിട്ടല്ലേ
മ്മള് രാവ് കയ്ക്ക്ണത്
കരഞ്ഞും ചിരിച്ചും കൊണ്ടന്നല്ലേ
മ്മള് മോന്ത്യാക്കണത്....

അപ്പളല്ലേ മ്മക്ക് തോന്നീത്
ചേനേം മുതിരീം ഞ്ഞൊരു ചേർച്ചാണോലോ
മ്മള് രണ്ടാളേം പോലെ....!



രജനി സുരേന്ദ്രൻ



# പ്രണയ ചന്ദ്രിക

**(ഡി.വിനയചന്ദ്രന്)**

പ്രണയമായ് പോക, കാടുകൾ പൂക്കുന്നു.
മലനിരകളിൽ ചെന്ന് രാപാർക്കുക.
കൂട്ടുകാരി
തൻ
മിഴികളിൽ നോക്കുക
അതിലൊരാകാശ നീലിമ തേടുക.

പ്രണയമായ് പോക,ഗുഹാമുഖങ്ങളിൽ
പൂർവ്വലിപികളെ തൊട്ടുണർത്തീടുക .
കവിത
പെയ്യുന്ന
സായന്തനങ്ങളിൽ
ചുംബനങ്ങൾ തൻ തീക്കാറ്റൊരുക്കുക.

പ്രണയമായ് പോക, നിലാവ് പൂക്കും മുമ്പ്
പവിഴ മുന്തിരിച്ചാറുമായ്
എത്തുക.
രതി
കടിഞ്ഞാണ് പൊട്ടിച്ച കുതിരമേൽ
കാടകങ്ങൾ തൻ ഗന്ധങ്ങൾ തിരയുക.

പ്രണയമായ് പോക,നഗ്നരായ് ശുദ്ധരായ്
ഒഴുകിയൊഴുകിയൊരു സാഗരം
പുൽകുക.
ഉയിര്
പൂക്കുന്ന ഉടലിന്റ ചിപ്പിയിൽ
മുറിവ് വീഴ്ത്താതെ തിരികെ നീന്തീടുക.

പ്രണയമായ് പോക, നിലാവ് ചായും മുമ്പ്
അഴിമുഖത്തിന്റെ സൗന്ദര്യമാകുക.
ഹൃദയ പൂർവ്വമൊരു
കീർത്തനം
പാടുവാൻ
വിനയചന്ദ്രനെ തേടിയിറങ്ങുക.

ഒടുവിലൊടുവിൽ വിനയമായ്
മൗനമായ്
പ്രണയചിത്തരായ് അലകളിൽ മറയുക.......



**എം.കപിൽദേവ്**

# നിനക്കായി



ബൈജു റാഫേൽ ആലുവ

നല്ലത് ചെയ്തതിന്
ശിക്ഷിക്കപ്പെട്ടവരെക്കുറിച്ച്
കേട്ടിട്ടുണ്ടോ?....

വെയിലിൽ
തണലായി നിന്നതിന്

മഴയിൽ
കുടയായി നിന്നതിന്

കിളിക്ക് പാടാനും
കൂട്ട്ക്കൂടാനും
കൂട് കൂട്ടാനും
ചില്ല നൽകിയതിന്

കണ്ണിന് ഇമ്പമായി
പൂത്തു ഇവിടെയാകെ
മണം നിറച്ചതിന്

നാളെ നീയെൻ
വേരുകൾ
മുറിക്കിലും
സങ്കടമില്ല തെല്ലും

നിന്നെ സ്നേഹിച്ചൊരു
കരൾ കൂടി
നിനക്കായി
മുറിച്ചു
നൽകാമല്ലോ.



# ഒന്നും, പറയാനാവാതെ...



സ്നേഹത്തിന്
അവകാശികളില്ലെന്ന്
ആർക്കും
പറയാനാവില്ല ,
അവൾക്ക് വിശ്വസി -
ക്കാനും കഴിയില്ല.
പ്രണയത്തിന് മാത്രമെ
മൗനം പാലിക്കാനാകൂ ..

കാണാൻ
തുടങ്ങുമ്പോൾ തന്നെ
ഒന്നും
മിണ്ടാനാവാതെ ...
മിണ്ടിയാൽതന്നെ
എന്തു ചെയ്യണമെന്ന -
റിയാതെ .....
അസ്ഥികൾക്കുള്ളിൽ
ഒരു വല്ലാത്ത കിരുകിരുപ്പാണ് ....

മൗനം പടിയിറങ്ങിയ -
പ്പോഴും
കാത്തു നിന്ന നൊമ്പരം
സ്നേഹത്താൽ തഴുകിയും ,
കണ്ണുനീരിനാൽ
മൂടപ്പെട്ടതുമെല്ലാം
വരി തീർത്ത കവിതയിൽ ഇനിയും
മുഴുമിപ്പിക്കാനാവാതെ
ഇഴ ചേർക്കാനാവാതെ .

ഇന്നലെകൾ
ഉപേക്ഷിച്ചു പോയ
നമ്മൾക്കിടയിൽ
അവകാശികളില്ലെന്ന്
ആരാ പറഞ്ഞത് ?
അങ്ങനെ പറയാനും
പറയാതിരിക്കാനും
വയ്യാത്ത ഒരവസ്ഥയിൽ
ഒരേയിരുപ്പാണ് ....
വിശ്വസിക്കാനാവാതെ ..

നിമിഷങ്ങളെണ്ണി -
യിരിക്കുമ്പോഴും
കുളിരുന്ന വഴികൾ
താണ്ടുമ്പോഴും
എത്താൻ വേഗത്തി-
ലോടുമ്പോഴും
ഇഷ്ടങ്ങൾ മറഞ്ഞ്
പോവാത്ത
വിശ്വാസത്തിലെന്ന
പോലെ ....
അവകാശികൾക്കിട-
യിൽ നിന്ന്
ആർക്കും വലിച്ചെറി -
യാനാവാത്ത
ഇഷ്ടക്കാരായായി ....
സ്നേഹിച്ചവർക്കിട-
യിലേക്കായ് ....
ഒന്നും,
പറയാനാവാതെ ...



കയ്യുമ്മു കോട്ടപ്പടി



ജാൻസി.ആർ.ഗോപാലൻ



# ചുവന്ന സാരി

കൂറഗുളികയുടെ മണമുയരുന്ന
സാരികൾക്കിടയിൽ
വിലകൂടിയ പെർഫ്യൂമിന്റെ
മണംനിറച്ച ചുവന്നസാരി
നീ സമ്മാനിച്ചത് മുതലാണ്
ആർത്തവദിനങ്ങളെ
ധീരമായി ഞാൻ നേരിട്ടത്
രക്തക്കറയെ ഭയക്കാതെ
പുറത്തിറങ്ങാൻ പഠിപ്പിച്ചത്
നീയാണ്.
ഭർത്താവ് മരണപ്പെട്ട
ഒരുവളുടെ ഉടലിൽ
വരച്ചുചേർത്ത ചുവന്നസാരി
കടുംനിറം ചാലിച്ച
ക്യാൻവാസിനുള്ളിൽ നിന്ന്
അടർന്നുവീണത്
ഭോഗിക്കപ്പെട്ട ഒരുവളുടെ
ഉടലിലേക്കാണ്.



രാജൻ എലവത്തൂർ



# പച്ചപത്രക്കാരൻ

വെറ്റുവീണത് പത്രത്തിലല്ല
പല ദിക്കുറങ്ങിയതും പത്രംവിരിച്ചല്ല
എന്നിട്ടും പത്രക്കാരനായ
അക്കഥ പഴയകഥയിങ്ങനെയത് -
അതെഴുതീടും കടലാസ്
ചുരുട്ടിക്കൂട്ടി ചവറ്റുകുട്ടയിലെറിയാം

മീശമുളക്കും പരുവത്തിൽ
മോഹം രണ്ടേ രണ്ട്,
പ്രണയിക്കണം, മറ്റൊന്ന്
പത്രത്തിൽ പേരുവരണം
പ്രണയം പേടിയായി-
പത്രത്തിൽ പേരുവന്നു,
ഒന്നല്ല പലവട്ടം
പ്രണയപുഷ്പ സൗരഭ്യമോടെ

കോഴികൂകും തട്ടകത്തിൽ
തോട് വേണം, പാലം വേണം
അപ്പോത്തിക്കിരി വേണം -
കുറിമാനമൊക്കെ പത്രത്തിൽ
പേരൊത്ത് തെളിഞ്ഞപ്പോൾ
രോമാഞ്ചകഞ്ചുകങ്ങളായ്,
ദിക്കെങ്ങും ലാത്തിരിപൂത്തിരി
കമ്പിത്തിരി

ഭൂഗോളംതിരിയവെ
പത്രക്കാരനായ് കോളിനോസും
കൂളിങ് ഗ്ലാസുമായ് നാടുചുറ്റി
നഗരംചുറ്റി -
വാസനചാന്തുപൊട്ടുകാർ കണ്ണിറുക്കി
സായൂജ്യം മമ എത്രയെത്ര-

സ്കൂപ്പടിച്ച ചുടുമണവുമായ്
പച്ചയാം പത്രം
കക്ഷത്തിറുക്കി രാവിൽ
കൂരയാം വാതിൽമുട്ടി;

കൊടുംകാറ്റായ്
പ്രണയമില്ലാസഖി-
"പത്ര പത്രക്കാരാ,
പശിയടക്കാൻ എന്തുണ്ട്!"
ഒപ്പം വിറങ്ങലിച്ചാ
കിടാങ്ങളും കൈനീട്ടി-

ഭൂഗോളം തിരിക്കുന്നവനെ
ന്നഹുങ്കിൽ -
ബുദ്ധികുപ്പായകീശതപ്പി
നീട്ടിയതിങ്ങനെ -
പത്രക്കാരനുകിട്ടി
ഓസിയാം പേനയെല്ലാം

അപ്പോളതാ ഇടിമുഴക്കം!
"കടക്കൂ പത്രക്കാരാ പടിപുറം"

ആവേശമായ് പടിപ്പുറം
ചാടി വലിയൊരു
സ്കൂപ്പ് തടഞ്ഞാഹ്ലാദത്തോടെ;
മുറിബീഡി കത്തിച്ചു
ഇരുട്ടിൻ ഗർത്തത്തിലേക്കായ്
പച്ചപത്രക്കാരനോടി.

കവിത

# ഒരു മിണ്ടാപ്രാണിയുടെ വിചാരങ്ങൾ



സജന സന്തോഷ്



മിണ്ടാപ്രാണിയെന്ന്
നിങ്ങളെന്നെ വിളിക്കുന്നു.

തൊടിയിലേക്ക്
പതുങ്ങിപ്പതുങ്ങി വരുന്ന
ആ കള്ളിപ്പൂച്ചയെ ഓടിക്കുമ്പോൾ.....

മുറ്റത്തെ മാവിൻക്കൊമ്പിലിരുന്ന്
ക്രാ ക്രാ വിളിച്ച് ഒച്ച വെച്ച്
എന്നെ ഉണർത്തുന്ന
ആ കറുമ്പൻ കാക്കയെ
പറപറാ പറത്തുമ്പോൾ .......

ഇടവഴിയിലൂടെ പോകുന്ന
അപരിചിതരെ ഓടിക്കുമ്പോൾ .......

വയറു കാളും നേരത്ത്
പാത്രം തട്ടി പ്രതിഷേധിക്കുമ്പോൾ .....

അങ്ങനെയങ്ങനെ,
എത്ര തവണയാണ് ഞാൻ
ശബ്ദമുയർത്തിയത്.
എന്നിട്ടും നിങ്ങളെന്നെ
മിണ്ടാപ്രാണിയെന്ന് വിളിക്കുന്നു.

എന്റെയുള്ളിലൊരു ഭാഷയുണ്ട്,
സ്നേഹത്തിന്റെ ഭാഷ.
എന്നെങ്കിലും എപ്പോഴെങ്കിലും
നിങ്ങളെന്റെ ഭാഷ മനസ്സിലാക്കിയിട്ടുണ്ടോ?

എന്നിട്ടും നിങ്ങളെന്നെ
മിണ്ടാപ്രാണിയെന്ന് വിളിക്കുന്നു.
വഴിയോരത്ത് വലിച്ചെറിഞ്ഞാലും,
കയറിട്ട് കെട്ടി വലിച്ചാലും,
ചാട്ടവാറടി തന്നാലും,
തല്ലിക്കൊന്നാലും,
നിങ്ങൾക്കെന്താലേ.....
കാരണം,
ഞാനൊരു  മിണ്ടാപ്രാണിയാകുന്നു.

കവിത

# കത്തിവേഷങ്ങൾ



ജയപാലൻ കാര്യാട്ട്

കാട്ടുപൂവിനും കാട്ടുചോലക്കും
കാട്ടുനീതി തൻ കയ്യാമമെന്നായ്!
നേട്ടമെത്താൻ മടിക്കുന്ന നാട്ടിൽ
നോട്ടമെന്നും പെരുകുന്നൊരാസ്തി.
കൂട്ടമായ് പറന്നെത്തി വായ് പൂഴ്ത്തി
വെട്ടുപക്ഷിതന്നാക്രാന്ത ഘോഷം.
കോട്ടകെട്ടി പ്രജയെ തുരത്തി
പാട്ടിലാക്കാനുരുക്കിന്റെ മുഷ്ടി.
തട്ടിമുട്ടി കളംകേറി ക്രൂരം
വെട്ടിവീഴ്ത്തും ജനായത്തമെന്നോ?
കോട്ടകാത്തിടാനായുധമാളായ്
ചാട്ടവാറടി ആർത്തനാദങ്ങൾ.
തിട്ടമില്ലാതലയുന്ന മക്കൾ
ചിട്ടവട്ടങ്ങളെന്നേ മറന്നോർ!
കുറ്റപത്രക്കളങ്ങളിൽ തെന്നി
കുറ്റിയറ്റു കനിവിൻ കുലങ്ങൾ.
തോറ്റുപോകുന്ന നീതിക്കുരുക്കിൽ
തോറ്റിടാൻ വിധി പണ്ടേ വരിച്ചോർ!
തെറ്റിയോ വഴി കാഴ്ചകൾ ഭീതം
ചുറ്റിലും കത്തിവേഷമെമ്പാടും!







# വേണ്ടേ...... വേണം

വേദനയുണർത്തുന്ന വേദിയിൽ പിറക്കുന്നു
ചേതനയെന്നാണത്രേ പാരമാം പഴമൊഴി
യാതനയില്ലാതൊരു സത്ഫലമുണ്ടാവില്ലീ
ഭാവനയതും പിന്നെ സർഗ്ഗസൃഷ്ടികൾ പോലും

രാഗങ്ങൾ മൂളീടാനായ് സ്വരങ്ങൾ പഠിക്കണ്ടേ
വായനയുണർത്തുവാൻ അക്ഷരം പഠിക്കണ്ടേ
ഭൂമിയെക്കണ്ടെത്തീടാൻ മനക്കണ്ണു തുറക്കണ്ടേ
വാനത്തെ ദർശിക്കാനായ് തലയൊ -
ന്നുയർത്തണ്ടേ

ലോകത്തെയറിയാനായ് യാത്ര നാം ചെയ്തീടണ്ടേ
ശോകത്തെയറിയാനായ് മനസ്സും തുറക്കണ്ടേ
നാകത്തെയറിയുവാൻ നരകം പഠിക്കണ്ടേ
സാകൂതം കാലത്തിനെ കൈകൂപ്പി വണങ്ങണ്ടേ

ഉള്ളതുമില്ലാത്തതും തമ്മിലെ വ്യത്യാസത്തെ
ഉള്ളിലായ് കണ്ടീടുവാൻ ചുറ്റിനും നോക്കീടണ്ടേ
വെള്ളത്തിൽ വരയ്ക്കുന്ന വരകൾ പോലെയാരും
തള്ളണ്ട ദിനംതോറും പൈതൃക വിജ്ഞാനത്തെ

അമൃത ഗർഭയാകും ഭൂമിതൻ മുലകളാം
പർവത പ്രാന്തത്തിൽ നിന്നൊലിച്ചു വന്നീടുന്ന
വാഹിനീതടങ്ങളിൽ കേവല ജ്ഞാനത്തിന്റെ
വാക്കിനായ് വ്രതം നോറ്റു മാനവരിരിക്കുമ്പോൾ

അപ്പുളിനങ്ങൾ തൻ മണൽത്തരി ഓരോന്നിലും
അക്ഷരം തുടിപ്പതുകാണുന്നു മഹാഭാഗർ
അങ്ങനെയുള്ളോരുള്ള ജന്മത്തെ ലഭിച്ചീടാൻ
അക്ഷര സൂക്തത്തോടെ കവികളുമിരിക്കണ്ടേ?!



**മോഹൻജി**



# അമ്മയുറങ്ങാത്ത വീട്

അമ്മയ്ക്ക് ഉറക്കമില്ലേ?
വീടിനുള്ളിൽ കരിന്തിരി കത്തിച്ച്
വെള്ള വസ്ത്രമണിഞ്ഞ മകൾ
ഉമ്മറപ്പടിയിൽ കണ്ണുംനട്ട്
കാവലിരിക്കുന്ന തായയോടുരഞ്ഞു.

അമ്മ ഇന്നലെയും ഉറങ്ങിയില്ലല്ലോ?
പടിപ്പുര നിറഞ്ഞെന്ന പരാതി കുംഭങ്ങളെ
തച്ചുടക്കാനാവാതെ
അടക്കം ചെയ്ത തേങ്ങലുകളുടെ
ശവപ്പറമ്പായ തലയിണ
മാറോടണച്ചു കൊണ്ടൊരു മകൾ.

ഒരാഴ്ചയായി അമ്മ ഉറങ്ങാറില്ലല്ലോ?
സ്ത്രീയെന്ന ധനത്തെ
സുവർണ്ണ പേടകത്തിലടച്ച്
സൂക്ഷിക്കാനറിയാത്ത മകൾ
ഇടനാഴിയിൽ കാലൊച്ച കേൾപ്പിക്കാതെ
മന്ദം മന്ദം പൂമുഖത്തിരുന്നമ്മയുടെ
കരിനിഴൽപ്പാടുകളുമായി
ചങ്ങാത്തത്തിലായി.

ദശാബ്ദമായി ഉറക്കമറിയാത്ത
അമ്മയെ നോക്കി,
നിറവയറിലെ വിധി ചിത്രങ്ങളോട്
കിന്നാരം പറയുന്ന മകൾ
അപ്പോഴും പുഞ്ചിരിക്കുന്നുണ്ടായിരുന്നു.



നജാ ഹുസൈൻ

# സ്പർശം



സതി സതീഷ്



ഒരിക്കലും മറക്കുവാൻ
കഴിയില്ല സഖി
ഈ നാലുകെട്ടിൽ
നിൻ വിലക്കിന്റെ
വേനൽ സ്പർശം
വിതയ്ക്കുന്നു നോവിൻനാളം
ഇരുളിന്റെ തീരങ്ങളിൽ
കിനാക്കളാ
ജനലരികിൽ
ഇമ രണ്ടും ചിമ്മാതെ
നിൻ മുഖശ്രീ തെളിയുമ്പോൾ
കൊലുസിന്റെ നാദം കേൾക്കാൻ
ചിരിക്കുന്ന രൂപം കാണാൻ
ഒരുപാട് നാളായ് തോഴി
പിടക്കുന്ന മോഹത്തിങ്കൽ
വിളക്കുമായി
നീയെൻ നെഞ്ചിൽ
അനുദിനം
ചേക്കേറുമ്പോൾ
അകത്തടം ആരാമമായ്
അണയാതെ കാത്തീടും ഞാൻ...
നിലാവിന്റെ നിശാഗന്ധി
നിറം ചേർത്ത
രാപൊയ്കയിൽ
നിനക്കായി ഞാനീ
ഈണം മീട്ടുകയായ്
മനസ്സിന്റെ
താഴ് വാരത്തിൽ
മറക്കാതെനോവിൻ ഗന്ധം
ഇരുൾകാറ്റിൻ
ഊഞ്ഞാലിലായ്
പറന്നെത്തി ചിരിക്കുന്നു
അരുതേ എൻ അമലേ
നീ അകലേക്ക് മറയല്ലേ
എന്നുയിരിൻ ശ്വാസംപോലും
നിനക്കല്ലേ ഓമലാളേ ...

# രണ്ട് പ്രണയ കവിതകൾ



റെജി.കെ.ആർ.

ഒന്ന് –:

## മഴയും പുഴയും

മഴ പുഴയോടു പറഞ്ഞു.....
എനിക്ക്
നിന്നോട് പ്രണയമാകുന്നു.
അതുകൊണ്ടാവാം .....
ഞാൻ
നിന്നിലേയ്ക്ക്
ചാഞ്ഞും
ചരിഞ്ഞും
പെയ്തിറങ്ങുന്നതും
നിന്റെ
നഗ്നമേനിയുടെ വന്യതയിലൂടെ
ഒഴുകി പടരുന്നതും .........

രണ്ട് –:

## മഴയും മഴവില്ലും

പ്രണയിക്കുന്നെങ്കിൽ
മഴവില്ലിനെ
പ്രണയിക്കണം.
ഏഴ്
നിറങ്ങളും വാരിപ്പുണർന്ന്
മഴയോടൊപ്പം
പെയ്തിറങ്ങാം .........



# സ്നേഹദൂത്...



കല്ലൂർ ഈശ്വരൻ പോറ്റി

സ്നേഹ ദൂതാ വരിക..
വരിക.. നീ ..
കലുഷമാനസ താഴ്വാ
രങ്ങളിൽ
കാട്ടുതീയിലുരുകുമീ
കാടകം
കുളിർമഴയായ് പെയ്തി
റങ്ങൂ സഖേ!

ക്ഷുഭിത യൗവനതീപ്പൊരി
ചിന്തുന്ന
ചില്ലുപത്രങ്ങളിലെഞ്ഞ
ഭുക്കാകുവോർ
സ്വേച്ഛയാൽ. ഫലമൊ
ക്കെയളന്നവർ
ചില്ലുപാത്ര മെറിഞ്ഞു
ടച്ചീടുന്നു.

കാമക്രോധാദി മാത്സര്യ
ഭാവങ്ങൾ
ചീർത്തു വീർത്തുവളരുന്നു
ചിന്തയിൽ
എത്രകണ്ടാലുമനുഭവിച്ചീ
ടിലും,ജ്ഞാന
മാർഗ്ഗംഗ്രഹിക്കാത്ത
തെന്തിവർ... ?

മാതൃധർമ്മം,പിതൃധർമ്മ
മെന്തിന്
പുത്രധർമ്മവും ഭർത്തൃ
ധർമ്മങ്ങളും
രാജധർമ്മവുംപൗരാവ
കാശവും
ധർമ്മബോധം മറയുന്ന
നു ദിനം.

തത്വമസ്യാദി വാക്യപ്പൊ
രുളുകള -
ക്ഷരക്കൂട്ടിലുൾച്ചേർന്നി
രിക്കുന്നു
അക്ഷമരാം മർത്യർപല
വിധമർത്ഥ -
മോതി നിരർത്ഥകമാ
ക്കുന്നു.

നിമിഷമിറ്റിക്കുമതിജീവ
നത്തിലൂ--
ടമൃതകുംഭങ്ങൾ നീട്ടും
വിടപികൾ
ധാർഷ്ട്യമോടെ രുചിക്കും
മനുജന്ന -
റിയുമോയതിൻ നിർമ്മാണ
വൈഭവം.

നൊന്തുപെറ്റ് വളർത്തി
യോരമ്മയെ
നൊമ്പരക്കൂട്ടിലൂട്ടുന്ന
സന്താന,
ചേതനയിൽ പടരും
നിരാസത്തെ,
സ്നേഹദൂതിലലിയിച്ചു
പാടുക... !

ആർത്തിപൂണ്ട്സ്വരൂപി
ച്ചുകൂട്ടിയ
രത്ന, വൈരക്കല്ലും
കിരീടവും
ആരുടെയൊക്കെ കണ്ണീർ
വഴികളിൽ
മുൾക്കിരീടമായ് രക്തം
ചിതറിച്ചു.

പെൺ മനസ്സറിയാതെ
പ്രണയിച്ചു
പ്രേമഭംഗം സഹിയാതെ
നിഷ്ഠൂര
കാമുകന്റെപ്രതികാര
ദാഹങ്ങൾ
മാതൃവാത്സല്യം തൂകീ
കെടുത്തുക.

മാതൃചുംബന സ്പർശമ
റിയാതെ -
യമ്മത്തൊട്ടിൽ പെറുന്ന
ഹതഭാഗ്യ-
ജന്മ നോവുകൾ നീ
യെടുത്തീടുക
കർമ്മമാർഗ്ഗപ്രകാശം
ചൊരിയുക.

നോവുമേകാന്ത രാവുകൾ
പകലുകൾ
ആത്മനൊമ്പരക്കണ്ണീർ
കുടിക്കുന്ന
ആതുരാലയച്ചുമരുകൾ
ക്കുള്ളിലായ്
വീർപ്പുമുട്ടുവോർക്കാശ്വാ
സ മേവുക.. !

പശിയടക്കുവാൻ പഴുതു
കൾ തേടുന്ന
തെരുവിലന്തിയുറങ്ങും
പതി തരാം
ഉടുതുണിക്കു മറുതുണി
യില്ലാത്ത
ഭോഷ ജന്മങ്ങൾ ചേർത്തു
പിടിക്കുക.

സ്നേഹ ദൂതാ വരിക
വരിക നീ
പ്രണയവല്ലികൾപൂക്കു
ന്നിടങ്ങളിൽ
മാംസമോഹങ്ങൾതല്ലി
ക്കൊഴിക്കാതെ
ദിവ്യഗന്ധ കുളിർ കാറ്റ്
വീശുക..!


വന്നുചേരുമോരധികാര
ഡംഭിനാൽ
നിസ്വവർഗ്ഗത്തിൻ ചോര
കുടിക്കുന്ന
ധൂർത്ത മോഹം ഗ്രസിച്ച
നരാധിപ -
മാനസങ്ങളെ നേർവഴി
യാക്കുക.

സ്നേഹദൂതാ.. വരിക..
വരിക.. നീ
സ്നേഹസാന്ത്വനഗീതി
കൾ പാടുക
സ്നേഹ മാണീയ ഖില
ലോകത്തിനും
അമൃതവർഷിണീയാകും
ശ്രുതിലയം



# പ്രവാസി

ഷബ്ന അബൂബക്കർ



പാതിവഴിയിലെന്നച്ഛനൊന്നിടറവേ
പറക്കമറ്റാത്ത ഉടപ്പിറന്നോർക്കായ്
പഠിച്ചുയർന്നീടേണ്ട പതിനാറു പ്രായത്തിൽ
പറന്നുയർന്നു ഞാൻ പട്ടിണി മാറ്റുവാൻ.

പരന്നു കിടക്കുന്ന മരുഭൂമിയിൽ വന്ന്
പകലിലും ഇരവിലും കഷ്ടം സഹിച്ചു
പങ്കുകളെല്ലാം കൂട്ടിവെച്ചു ഉറുമ്പ് പോൽ
പടുത്തുയർത്തി ഞാൻ ജീവിതപ്പടവുകൾ

പതച്ചുയരുന്ന വെയിലിന്റെ ചൂടിലും
പതറി വീഴാതെ വേലകൾ ചെയ്യുവാൻ
പശിയോടെ നോക്കും പ്രിയമാം മുഖങ്ങളെ
പതിച്ചു വെച്ചു ഞാനെന്റെ ചേതസ്സിൽ.

പിറന്ന വീട്ടിലൊരു വിരുന്നുകാരനായ്.
പെറ്റനാടിനോ അലങ്കാര വസ്തുവായ്
പുഞ്ചിരിയാലെൻ കൈ ചേർത്തവർക്കെല്ലാം
പിരിവാണു ലക്ഷ്യം പിഴിഞ്ഞെടുപ്പാണ് മുഖ്യം.

പറയാതറിഞ്ഞതും പറഞ്ഞറിയിച്ചതും
പരിഭവം കാട്ടാതെ നേടികൊടുക്കവേ
പെരുമകൾ വീട്ടിൽ ശൈലിയാക്കീടുന്നു
പത്രാസുക്കാരായ് വിലസി നടക്കുന്നു.

പരസ്യമായ് രഹസ്യം പറയുന്ന പോലവർ
പലവുരു പരസ്പരം പറയുന്ന കേട്ടു ഞാൻ
പ്രയാസങ്ങളവനെന്ത് പ്രവാസിയാണവൻ
പ്രഹസനമതു കേട്ടു പൊട്ടിച്ചിരിച്ചു ഞാൻ.

പ്രഭചൊരിയും എണ്ണത്തിരിപോലെരിഞ്ഞിട്ട്
പാരിലെൻ ജീവിതം ഉരുകുന്നതു കണ്ട്
പകയേതുമില്ലാതെ സ്നേഹപ്രതീകമായ്
പ്രവാസിയെന്നാരോ വിളിച്ചതാണെന്നെയും.

പ്രാരാബ്ദമെല്ലാർക്കും കയറ്റി വെച്ചീടുവാൻ
പാവമീ ഞാൻ വെറും അത്താണി മാത്രമായ്
പതിവു തെറ്റീടാതെ ഗാന്ധി അയച്ചില്ലേൽ
പുഞ്ചിരിക്കും മുഖം തെളിച്ചം കുറഞ്ഞു പോയ്

പറുദീസയെന്നല്ലാരും വിളിക്കും മരുഭൂമിയിൽ
പരാതിയില്ലാതെ ഞാൻ നാളുകൾ നീക്കുമ്പോൾ
പാതിരാനേരത്തും ഉറങ്ങാതെനിക്കായി
പാതിയായ് വന്നവൾ കിളിമൊഴിയാൽ തണലായി.

പ്രതീക്ഷയാൽ വാരിയെടുക്കാനടുക്കവേ
പരിചയമില്ലാത്ത മുഖങ്ങളെ കാണും പോൽ
പേടിയോടെന്നെ നോക്കുമെൻ പൈതങ്ങൾ
പരദേശിയാമെന്റെ നീറും നഷ്ടമതല്ലയോ.

പലവട്ടം മതിയാക്കി മടങ്ങുവാനാശിച്ചു
പുറത്തുകടക്കാനയക്കാതീ പ്രവാസവും
പാമ്പിനെ പോലെ മുറുക്കി വരിഞ്ഞെന്റെ
പ്രീതികൾ ശ്വാസം വിലങ്ങി മരിക്കുന്നു.

പാചകമില്ലാതായ് വേലതൻ ക്ഷീണത്താൽ
പോഷകമില്ലാത്ത ഭക്ഷണം സ്ഥിരമായി.
പ്രായത്തിനേക്കാൾ തളർന്നെന്റെ പേശികൾ
പലകുറി ഹൃദയം പിണങ്ങിയെൻ മാറ്റത്തിൽ.

പ്രഷറും പ്രമേഹവും ബന്ധുക്കളായപ്പോൾ
പലവർണ്ണ മിട്ടായി സ്ഥിരമായെൻ കീശയിൽ.
പാടേ നശിച്ചൊരു യന്ത്രമായ് മാറവേ
പ്രതീക്ഷവറ്റിയെൻ മുതലാളികൾക്കെല്ലാം.

പിറകിലേക്കോടുവാനൊക്കുകില്ലെങ്കിലും
പേരക്കിടങ്ങൾക്ക് പ്രിയമുള്ളൊരച്ഛനായ്
പരസ്പരമറിയാതെ വളർന്ന ബന്ധങ്ങളെ
പൊട്ടാത്ത കണ്ണിയായി ഉരുക്കിയെടുക്കുവാൻ

പെട്ടികൾ കെട്ടി മുറിക്കി ഞാൻ പൊട്ടാതെ
പെട്ടുപോയെങ്കിലുമന്നം മുട്ടാതെ കാത്തുള്ള
പ്രവാസമെന്നൊരു മരുപ്പച്ച വിട്ടു ഞാൻ
പറന്നിറങ്ങിയെൻ നാടിൻ മടിത്തട്ടിൽ.

പൊട്ടയായൊരു പെട്ടിയാണെന്നറിയവേയിക്കുറി
പൊട്ടിക്കുവാനാരും തട്ടിപ്പറിച്ചില്ലെൻ പെട്ടി
പറ്റുന്നപോലെ ഊറ്റിയെടുത്തെന്നെ
പറ്റുകളില്ലാതെ ജീവിച്ചു വന്ന നാൾ

പാടെ മറന്നവർ, പൊട്ട കിണറായി ഞാനും
പൊട്ടിത്തെറികളും പരാതിയും സ്ഥിരമായി.
പൊട്ടുന്ന കടുകിനും കണക്കു പറഞ്ഞവർ.
പെട്ടിയിലെന്നെ കിടത്തുന്ന നാൾ വരെ.

# മതിയാവുമോ...



ഓരോ നിമിഷവും
നിന്നെ ഓർക്കുന്നു, ഞാൻ

കണ്ണുടക്കുന്ന തൊക്കെയും
അനുസ്മരിപ്പിക്കുന്നതു നിന്നെ മാത്രം

ഒരു പൂവ്, നീ വിരിയിച്ച വസന്തങ്ങളെ
ഒരു കാറ്റ് നീ ഉണർത്തിയ സൗരഭ്യങ്ങളെ

സുതാര്യതയിൽ ചിത്രം തുന്നിയ തുമ്പിച്ചിറകുകൾ
നിൻറ മയിൽപ്പീലി നോട്ടങ്ങളെ

മഞ്ഞ ശലഭത്തിൻറ തരംഗസമാനമായ പറക്കൽ
കല്പന ചൂടിയ നിൻറ വാഗ്ധോരണികളെ

നിനച്ചിരിക്കാതെ പൊട്ടിവീഴുന്ന മഴ നിന്നിടി
മുഴക്കച്ചിരികളെ, മിന്നൽ മന്ദഹാസങ്ങളെ



സിന്ധുമോൾ തോമസ്

തൂവൽപോലെ വായുവിൽ തങ്ങി തങ്ങി കൊഴിഞ്ഞു
വീഴുമൊരില നിൻ വിഷാദം നൂറ്റ മൗനങ്ങളെ

കവലയിൽ നാലുപാടും തിരക്കിട്ടുപാഞ്ഞുപോവും വാഹനവ്യൂഹങ്ങൾ
അനുനിമിഷം ദിശമാറും നിൻറ വാലുകുലുക്കി ചിന്തകളെ

കലങ്ങിയൊഴുകും പുഴ നിൻറ പരിഭവങ്ങളെ
ഒരു വെയിൽനാളത്തിൻ സ്പർശം
നിൻറ സ്വർണ്ണ നിറമുള്ള ചുംബനങ്ങളെ..

ഇതു മതിയാവുമോ നിൻറ ഞാനില്ലായ്മയിൽ
എന്നെ വീണ്ടെടുക്കാൻ...

# കള്ളൻ



തുറന്നിട്ട ഗെയ്റ്റൊഴിവാക്കി
മതിൽ ചാടിക്കടന്നവൻ

കുറ്റിയിടാൻ മറന്ന മുൻവാതിൽ കാണാതെ
പുറകുവശത്തേക്ക് പമ്മി നടക്കുന്നവൻ

കരിയില വീഴ്ചയെയും
തന്റെ ചുടുനിശ്വാസത്തെപ്പോലും
പേടിക്കുന്ന ഭീരു .

പകൽ വെളിച്ചത്തിൽ
പേരിനാൽ തിരിച്ചറിയാത്തവൻ


ഇരുട്ടിനെ കൂട്ടുപിടിച്ച്
മനസ്സാക്ഷിക്കുത്തില്ലാതെ
തോന്നിവാസത്തിനിറങ്ങിത്തിരിച്ചവൻ

പിടിക്കപ്പെടുമ്പോൾ
ആൾക്കൂട്ടത്തിനു നടുവിലായി
ഒറ്റപ്പെട്ട്, തൊലിയുരിഞ്ഞ്
മിഴി നിറച്ച്
തന്റെ പിൻതലമുറയ്ക്ക്
വിലാസമൊപ്പിച്ചു കൊടുത്തവൻ.



ഷാനവാസ്
കുലുക്കല്ലൂർ

# പെയ്തൊഴിയുമ്പോൾ.....



വി.ജി മുകുന്ദൻ

നനഞ്ഞു വിറയ്ക്കുന്ന
പകലിന് കുടയായ്
ഒരു വെയിൽചില്ല
അടർന്നു വീണപ്പോൾ...
ചിറകിനുള്ളിൽ കൂനി കൂടിയ
കുറുവാലൻ കാക്കകൾ
തെക്കെപ്പുറം വന്ന്
കൊത്തിപ്പെറുക്കാൻ തുടങ്ങി.
ആകാശകീറിനുള്ളിൽ
തണുത്തു വിറച്ചിരുന്ന
മേഘശകലങ്ങൾ
വെയിൽ കായാനിറങ്ങി.
അടർന്നു വീണ
വെയിൽ കൊമ്പത്ത്
ഒരു മഴവില്ല് വിരിഞ്ഞു.
വിടരാൻ കൊതിച്ച
പൂമൊട്ടുകൾ വിരിഞ്ഞ്
ആനന്ദ നൃത്തമാടാൻ തുടങ്ങി.
ഉൾവലിഞ്ഞ് ഉറങ്ങിയ
കൂർമബുദ്ധി പോലെ
ഈ ജീവിതം
വാതിലുകൾ തള്ളിത്തുറന്ന്
പുറത്തേയ്ക്കു തല നീട്ടി
മെല്ലേ നടക്കാൻ തുടങ്ങി...!



കഥ

# ദിശ



നിഥിൻകുമാർ ജെ പത്തനാപുരം



**പ**തിവുപോലെ അതിരാവിലെ സനൽ ഉണർന്നു. കണ്ണ് തിരുമി അടുക്കളവഴിയിറങ്ങി മുഖം കഴുകികേറി.

അടുക്കളയിൽ അമ്മ ചായ ഒഴിക്കുന്നതിനിടയിൽ മകനെയൊന്ന് ശ്രദ്ധിക്കാൻ മറന്നില്ല. ഒരു തെളിച്ചം മുഖത്ത് ഉള്ളതായി അമ്മ സുധയ്ക്ക് തോന്നി.

'എന്താടാ ചെറുക്കാ.. ഇന്ന് വല്യ തന്തോയം ആണെല്ലോ.'

അമ്മ സനലിനോട് ചോദിച്ചു.

അവനൊന്നും മിണ്ടാതെ ഒഴിച്ചു വെച്ച ചായയെടുത്ത് പുറത്തേക്കിറങ്ങി.

മരം കോച്ചുന്ന മകരമാസ കുളിര് സനലിനെ വല്ലാതെ മോഹിപ്പിച്ചു. അടുക്കളയുടെ പിന്നിലെ അലക്കു കല്ലിൽ കയറിയിരുന്നു ചൂട് ചായ മഞ്ഞിന്റെ കുളിരിനൊപ്പം കുടിക്കാൻ തുടങ്ങി.

ഇന്ന് എന്തോ പ്രത്യകതയുണ്ട്. സനലിനത് ഉണർന്നപ്പോൾ മുതൽ തോന്നി തുടങ്ങിയതാ.

കഴിഞ്ഞ മുപ്പത് വർഷകാലവും തോന്നാത്ത ഒരു സവിശേഷത. ചാ

യഗ്ലാസ് അലക്കുകല്ലിൽ വെച്ചിട്ട് പൈപ്പ് തുറന്നു മുഖവും വായയും കഴുകി..മുഖത്തായി ഒരു ചിരി പടർന്നു. വീണ്ടും മുഖത്തേക്ക് തണുത്തുറഞ്ഞ ജലം ഒഴിക്കെ പുഞ്ചിരി പതിയെ മാഞ്ഞു തുടങ്ങി. പുഞ്ചിരി കഴുകികളഞ്ഞതിനു ശേഷം അകത്തേക്ക് കയറി. പിന്നെ എല്ലാം വളരെ വേഗത്തിലായിരുന്നു.

ഓഫീസിലേക്ക് പോകാനായി ഒരുങ്ങി കഴിഞ്ഞപ്പോഴേക്കും സുധ മകനുവേണ്ടി വാഴയിലവാട്ടി ചോറ് പൊതിഞ്ഞു നൽകി. ഒരു കുപ്പി ചൂട് വെള്ളവും മേശപ്പുറത്തായി വെച്ചു.

‘അമ്മേ കഴിക്കാനായിയെടുക്ക്.‘

സനൽ മുറിയിൽ നിന്നും വിളിച്ചു പറഞ്ഞു.

‘വന്നിരിക്ക്.

സുധ ഡൈനിങ് ടെമ്പിളിൽ ഭക്ഷണം കൊണ്ടുവെച്ചു.

എന്നും ധൃതിയിൽ കഴിക്കുന്ന സനൽ വളരെ സാവധാനത്തിൽ കഴിക്കുന്നത് കണ്ടപ്പോൾ അമ്മയ്ക്ക് ഒത്തിരി സന്തോഷവും അത്ഭുതവും തോന്നി.

‘എന്താടാ ചെറുക്കാ. നിനക്ക് ഇന്ന് ടാർഗറ്റ് തീർക്കാനില്ലേ.. അല്ല.. അതും പറഞ്ഞണല്ലോ ഡെയിലി രാവിലെ ഒന്നും കഴിക്കാതെ അല്ലേൽ എന്തേലും കഴിച്ചെന്നു വരുത്തിയോടുന്നത്.‘

സുധയുടെ മുഖത്ത് നോക്കി പുഞ്ചിരിക്കുക മാത്രമാണ് സനൽ ചെയ്തത്.

‘എന്തെ മിണ്ടാത്തെ.‘

‘അമ്മേ..രണ്ട് ദോശകൂടി ഇങ്ങേടുത്തെ.‘

സനൽ പറഞ്ഞു. അമ്മ അവന്റെ പാത്രത്തിലേക്ക് ദോശ വെച്ചുകൊടുത്തു.

ആഹാരം കഴിഞ്ഞ് ഒരുവട്ടം കൂടി മുറിയിൽ കയറി ബാഗുമായി തിരികെ ഇറങ്ങിയ സനലിനെ നോക്കി സുധ നിന്നു.

‘ഞാൻ ഇറങ്ങുവാ..‘

സനൽ യാത്രപറഞ്ഞിറങ്ങി.

ഇത്രകാലത്തിനിടയിൽ ആദ്യമായിട്ടാണ് യാത്രപറഞ്ഞിറങ്ങുന്നത് . സുധയ്ക്ക് എന്തൊക്കെയോ സംശയം തോന്നി.

‘ഡാ.. ഇന്ന് നീ ജോലിക്ക് തന്നെയാണോ പോകുന്നെ..?‘

സനൽ തിരിഞ്ഞുനോക്കിയൊന്നു പുഞ്ചിരിച്ചു.

ഇതൊരു മടക്കമില്ലാത്ത യാത്രയാണെന്നു കഴിഞ്ഞ ദിവസമേ സനലിന് നന്നായിയറിയാം. എത്ര ശ്രമിച്ചാലും പരിഹരിക്കാൻ കഴിയാത്ത പ്രേശ്നങ്ങൾ. സ്വന്തം പ്രേശ്നങ്ങൾ ആരോടും പറയാതെ ഉള്ളിലൊതുക്കി കഴിയുന്ന ഒരു കൂട്ടം ജനതയുടെ പ്രതിനി



ധിയാണ് സനൽ. അമ്മയോടും അനിയത്തിയോടും കടങ്ങളുടെ കണക്ക് പറയുന്നതിൽ അർത്ഥമില്ല. അവരെക്കൊണ്ട് ഒരിക്കലും തീർക്കാനും കഴിയില്ല. വെറുതെ പറഞ്ഞ് അവരെക്കൂടി സങ്കടപെടുത്താനല്ലാതെ..

എന്നും ഓഫീസിലേക്ക് പോകുന്ന സനൽ ഇന്ന് പോയില്ല. റെയിൽവേ സ്റ്റേഷനിൽ ഓട്ടോയിറങ്ങിയ സനൽ ആളൊഴിഞ്ഞ ഇടവഴിയിലൂടെ കുറച്ചു ദൂരം നടന്നു.ഏകാന്തതയിൽ ഒരുപാട് ചിന്തിക്കാനുണ്ടാകും.

ജീവിതത്തിൽ അധികം ഇങ്ങനെയൊറ്റക്ക് നടക്കേണ്ടി വന്നിട്ടില്ല.

ഇടവഴിയിൽ നിന്നും മറ്റൊരു ചെറുവഴിയിൽ കയറി. അവിടെനിന്നും നോക്കിയാൽ റെയിൽവേ പാളം കാണാം.. നട്ടാകുരുക്കാത്ത വെയിൽ തലക്ക് മുകളിൽ കത്തി നില്ക്കുന്നു.. സമയം ഇത്രെയുമായോ.?

തന്റെ പഴയ വാച്ചിലൊന്നു നോക്കി. ബാറ്ററി ചത്തിട്ട് മുന്നാഴ്ചകൾ കഴിഞ്ഞത് സനൽ മറന്നിരുന്നു.

റെയിൽവേ പാളത്തിനോട് ചേർന്ന് അല്പം നടന്നാൽ തണലുള്ള ഒരു പ്രദേശമുണ്ട്. അവിടം ലക്ഷ്യമാക്കി അയാൾ നടന്നു.

ഒരു മാവിന്റെ ചുവട്ടിൽ ചെരുപ്പൂരിയിട്ട് അതിനു പുറത്തായി ചമ്മണം പടിഞ്ഞിരുന്നു സനൽ. തോളിലെ ബാഗ് മാവിനോട് ചേർത്തുവെച്ചു. തന്റെ അമ്മ പൊതിഞ്ഞു നൽകിയ ഇലപൊതിചോറ് തുറന്ന് സനൽ കഴിച്ചു. ആഹാരശേഷം അയാൾ ഏറെ നേരം മാവിന്റെ ചുവട്ടിൽ വിശ്രമിച്ചു. ബാഗിൽ നിന്നും ഒരു ബുക്കും പേനയുമെടുത്തു എന്തൊക്കെയോ കുത്തിക്കുറിച്ചു. ഒടുവിൽ സനൽ എഴുനേറ്റു. സമയം സായാഹ്നമായി തുടങ്ങി..

മരിക്കാനുള്ള നേരം.. സമയം നീങ്ങാത്ത വാച്ചിൽ ഒരിക്കൽ കൂടി സനൽ നോക്കി.അയാൾ പാളത്തിലേക്കിറങ്ങി.. നേരെ നടന്നു.. പിന്നിൽ തീവണ്ടിയുടെ നാദം  മുഴങ്ങി..

നേരം സന്ധ്യയായിട്ടും സനലിനെ കാണാത്തതിനാൽ ഉമ്മറത്തായി കാത്തിരിക്കയാണ് സുധയും മകൾ സരിതയും..

‘നീയൊന്നുവിളിച്ചു നോക്കിയേ..‘

‘സ്വിച്ച് ഓഫ് ‘

‘ഇവനിത് എവടെപോയി തൊലഞ്ഞു.. നാശം.. വീട്ടിലുള്ളവരുടെ ആദി ആരോട് പറയാനാ..‘

സുധ തന്റെ മനസ്സിന്റെ വേവലാതി പറഞ്ഞു.

‘പേടിക്കാതെ.. ഇപ്പോ വരും.. ന്തേലും ജോലി തിരക്ക് കാണും.‘

സരിത പറഞ്ഞു.

‘നീയൊരു കാര്യം ചെയ്യ്.. അവന്റെ ഒരു കൂട്ടുകാരൻ ഇല്ലേ.... അവന്റെ പേര്... മോഹിത്..അവന്റെ അമ്മയുടെ നമ്പർ എന്റെ ഫോണിൽ കിടപ്പുണ്ട്. നീയൊന്നു വിളി. ‘

സരിത ഫോണിൽ നിന്നും നമ്പർ തപ്പിയെടുത്തുവിളിച്ചു.

സുധയാണ് സംസാരിച്ചത്.. മോഹിത് വീട്ടിൽ ഉണ്ടായിരുന്നു.

‘ഹലോ മോനെ.. സനൽ എപ്പോ ഇറങ്ങി ഓഫീസിൽ നിന്നും.‘

‘ഓഫീസിൽ നിന്നോ.?‘

മോഹിത് ചോദിച്ചു.

‘എന്താ മോനെ. അവനിന്നു വന്നില്ലേ..?‘

‘അപ്പോ അവനൊന്നും പറഞ്ഞില്ലേ.. കഴിഞ്ഞദിവസം അവനെ പറഞ്ഞുവിട്ടു.. ടാർഗറ്റ് ഒന്നും അച്ചിവ് ചെയ്യാത്തതിന്റെ പേരിൽ.. അത് നന്നായി അല്ലേലും ആ ജോലി എന്തിന് കൊള്ളാം.. സ്വസ്ഥമായി ഒന്ന് ശ്വാസം വിടാൻപോലും കഴിയാത്ത പണി.. ഞാൻ ഇന്ന് ജോലി കളഞ്ഞു.. പറയേണ്ടത് പറയുകയും ചെയ്തു. മനുഷ്യനെയിങ്ങനെ യന്ത്രമായി കാണുന്ന പണിയൊന്നും എനിക്കും പറ്റില്ല..

എന്ത് പറ്റിയമ്മേ,?

‘ഒന്നുല്ല മോനെ.. ശരിയെന്ന ‘

സുധ പറഞ്ഞു നിർത്തി.

‘ഞാൻ നാളെ അവനെ കാണാൻ വരുന്നുണ്ട്. ഒരു ബിസിനസ് സംസാരിക്കാൻ.. അവന്റെ ഫോൺ ഓഫ് ആണല്ലോ..‘

മറുപടി നൽകാതെ സുധ ഫോൺ വെച്ചു.ഒരു നിമിഷം എന്തോ അവർ ചിന്തിച്ചു. കാലത്തുണ്ടായ അനുഭവം.

അവരുടെ ഹൃദയമിടിച്ചു. കണ്ണുകൾ നിറഞ്ഞു.

‘എന്റെ മോനെ....... അയ്യോ..... എന്റെ മോനെ.....‘

സുധ അലറികരയാൻ തുടങ്ങി..

സരിത അമ്മയെ താങ്ങി..

തീവണ്ടി കടന്നു പോയി.. തന്നെയും കടന്നു പോയ തീവണ്ടി നോക്കി സനൽ പുഞ്ചിരിച്ചു.

ഈ നിമിഷം വരെയുള്ള സനലിന്റെ ജീവിതം തീവണ്ടിയിൽ കയറ്റിവിട്ട സംതൃപ്തിയോടെ അയാൾ തിരികെ സ്വന്തം സ്വർഗ്ഗത്തിലേക്ക് കുടുംബത്തിലേക്ക് മടങ്ങി..



മാഗ്ളിൻ ജാക്സൺ



# അത്തിമര ചുവട്ടിലെ പ്രണയം

**ഗാ**യത്രി ചായയും പുട്ടും കടലക്കറിയും മേശപ്പുറത്തെടുത്തുവച്ചു അനിലിനു ഉച്ചയ്ക്ക് കഴിക്കാനുള്ള ഭക്ഷണം ടിഫിൻ ബോക്സിലാക്കിയതും  ജീരകവെള്ളം നിറച്ച കുപ്പിയും എടുത്ത് ബാഗിൽവച്ചു.

'ചേട്ടാ ഞാൻ കുളിക്കാൻ പോവാണ് ചേട്ടൻ ബ്രെക്ക്ഫാസ്റ്റ് കഴിച്ചോ ഞാൻ കുളികഴിഞ്ഞിട്ടു കഴിച്ചോളാം .'

' നീ എന്റെ ഒപ്പം വന്നാൽ ഞാൻ നിന്നെ കോളേജിൽ ഡ്രോപ്പ് ചെയ്യാം.. '

'വേണ്ട എന്റെ വണ്ടിയിൽ ഞാൻ പൊയ്ക്കൊള്ളാം. '

ശരി എന്നു പറഞ്ഞ് അനിൽ ബ്രൈക്ക് ഫാസ്റ്റ് കഴിക്കാനിരുന്നു . ഗായത്രി കുളികഴിഞ്ഞു വന്നു ബ്രെക്ക് ഫാസ്റ്റ് കഴിച്ചു. അലമാരയിൽ സാരി തിരയുന്നതിനിടെ അവളുടെ മനസ്സ് വർഷങ്ങൾക്ക്പിറകിലേക്ക് ആരോ വലിച്ചു കൊണ്ടുപോയ്  1999 ലേക്ക് .

ഡിഗ്രിക്കു പഠിക്കുന്ന കാലം  എന്റെ സീനിയറായിരുന്നു ജയദേവൻ കാണാൻ സുന്ദരൻ കല്ലിൽ കൊത്തിവെച്ച ദേവവിഗഹം പോലുള്ള അ

കാരവടിവ് ആരു കണ്ടാലും ഒന്നു നോക്കി പോകും . കാലം പോകവേ ഭ്രാന്തമായ ആരാധനയായിരുന്നു

എനിക്ക് ....

നല്ല പ്രസംഗികൻ, ഗായകൻ . നന്നായ് ചിത്രം വരക്കും,

മിതഭാഷിയാണ്. ഒന്നു സംസാരിക്കണമെന്നു കരുതി പല പ്രാവശ്യം അടുത്തുവരെ ചെന്നിട്ടു തിരിച്ചു പോരും. കൂട്ടുകാരികൾ പറയാറുണ്ട് ജയദേവനെ മാത്രം ഒരു പെൺകുട്ടിക്കും വളക്കാൻ കഴിഞ്ഞിട്ടില്ല. ഇതു കേട്ടപ്പം മനസ്സെന്നോടു ചോദിച്ചു നിനക്കായിക്കൂടെ എന്ന് !

'നോക്കാം മനസ്സിനെ പറഞ്ഞു സമാധാനപ്പെടുത്തി.

പരീക്ഷ കഴിഞ്ഞു പുറത്തേക്കിറങ്ങി നടക്കുമ്പോൾ കോളേജ് ഗ്രൗണ്ടിൽ ഒരു അത്തിമരം നിൽപ്പുണ്ട് അതിൽ നിറയെ പഴങ്ങളാണ് അവിടെ അതാ എന്നേയും നോക്കി ജയദേവൻ നിൽക്കുന്നു. ഞാൻ കാണാത്ത ഭാവത്തിൽ നടക്കാൻ തുടങ്ങി. പിറകിൽ നിന്നു ഗായു ഒന്നു ....!

ഗായുന്നോ . എന്നെ വീട്ടിൽ വിളിക്കുന്ന

പേർ ജയദേവൻ എങ്ങിനെ അറിഞ്ഞു ...

വളരെ ഗൗരവത്തോടെ എന്താ ?

ഒരു കത്ത് എനിക്കു തന്നിട്ട് ഇതാ ....

.എന്താ ഇത് ?

വായിച്ചു നോക്ക്. എന്നു പറഞ്ഞ് ജയദേവൻ നടന്നു നീങ്ങി. കത്തിന്റെ ഉള്ളടക്കം എന്താ എന്നറിയാനുള്ള ആകാംക്ഷ വർദ്ധിച്ചു വിട്ടിൽ എത്തി നേരെ റൂമിൽ ചെന്നു .

അമ്മയുടെ വിളി ഉച്ചത്തിൽ മുഴങ്ങി ഗായു നീ എന്താ ചായ കുടിക്കാതെ റൂമിൽ കയറിയത് .....

പിരിയഡ്സ് ആയി പാഡ് മാറ്റിയിട്ടു വരാം. അമ്മയോട് കള്ളം പറഞ്ഞു .....

കത്തു തുറന്നു നല്ല ഹാന്റ് റൈറ്റിങ്ങ് ....

' ഞാൻ ജയദേവൻ എനിക്കമ്മയും അമ്മയ്ക്ക് ഞാനും .അതാണെന്റെ കുടുംബം . എനിക്ക് ഗായുനെ ഇഷ്ടമായി ഗായുന് എന്നെ ഇഷ്ടമില്ലയെങ്കിൽ പറഞ്ഞാൽ മതി പിന്നെഒരിക്കലും ഞാൻ ബുദ്ധിമുട്ടിക്കില്ല. എന്താണെങ്കിലും പറയാൻ മടിക്കരുത് '

രാത്രി ഉറങ്ങാൻ കഴിഞ്ഞില്ല. രാവിലെ തന്നെ ഉണർന്നു. രാവിലെപല്ലു തേക്കുന്നതു കണ്ട് .

അച്ഛൻ......

കാക്കു നിന്റെ മോളെന്താ രാവിലെ തന്നെ ഉണർന്നല്ലോ .....!

'പെൺകുട്ടികൾ രാവിലെ എഴുന്നേൽക്കണമെന്നാ മുത്തശ്ശി പറയാറുള്ളത് ഈ അച്ഛനൊന്നും അറിയില്ല'

എന്നത്തേക്കാളും കൂടുതൽ സമയമെടുത്തു ഒരുങ്ങാൻ

കോളേജ് ക്യാംപ്സിലെ അത്തിമരച്ചുവട്ടിൽ ജയദേവൻ എന്നെയും കാത്തു നിൽപ്പുണ്ടായിരുന്നു. രാത്രി എഴുതിയ കത്ത് ആരും കാണാതെ ജയദേവന്റെകയ്യിൽ കൊടുത്തു.... കാലങ്ങൾ പോകവെ

ഞങ്ങളുടെ പ്രണയം തിരയില്ലാനദി പോലെ ഒഴുകിക്കൊണ്ടിരുന്നു .....:

കാൻന്റീനിൽ ഇരുന്നു ചായ കുടിക്കുന്നതിനിടയിൽ .....

' ഗായു എന്റെ പരിക്ഷ കഴിഞ്ഞാൽ ഞാൻ പോകും. മാമന്റെ കമ്പനി എന്നോടു നോക്കി നടത്താനാ പറഞ്ഞിരിക്കുന്നേ'

' ഡിഗ്രി കഴിയുമ്പം ഞാനും അമ്മയും കൂടി വീട്ടിൽ വന്നു നിന്നെ ഞങ്ങൾക്കു തരുമോ എന്നു ചോദിക്കും'

'ഒന്നു പോ ജയദേവാ. '

' ഞാൻ പലപ്രാവശ്യം പറഞ്ഞിട്ടുണ്ട് എന്റെ പേരു വിളിക്കരുതെന്ന് '

'സോറി ഇനി പേരു വിളിക്കില്ല'

'ഇനിരണ്ടു ദിവസംകൂടിയെ ഉള്ളു ഞാൻ ഈ കോളേജിൽ . പരീക്ഷയുടെ അവസാന ദിവസം നീ അന്നു കത്തു കൊണ്ടു വന്നപ്പം ഇട്ടിരുന്ന ചൂരിദാർ വേണം ഇട്ടിട്ടു വരാൻ '

. ദിന ചക്രങ്ങൾ തീവണ്ടിയുടെ വേഗതയിൽ പായുകയായിരുന്നു...

. ഒരു ഞായറാഴ്ച പത്തുമണിയായിക്കാണും

കോളിങ്ങ് ബെല്ലടി കേട്ട് സുരേന്ദ്രൻകതകു തുറന്നു ആരാ?

ഞാൻ ജയദേവൻ ഇത് അമ്മ ഭാരതിഎന്താ വന്ന കാര്യം.......?

കയറി ഇരിന്നു സംസാരിക്കാമല്ലോ?

ഭാരതി പറഞ്ഞു......

'കയറി ഇരിക്ക്ഇനി പറയു എന്താ പറയാനുള്ളത്'

'ജയദേവനും ഗായത്രിയും ഒരേ കോളേജിലാപഠിച്ചത്

ഇവനൊരിഷ്ടം ഗായത്രിയെ വിവാഹം കഴിക്കാൻ . ഞാനും മോനും മാത്രമെയുള്ളു.

ഭർത്താവ് അറ്റാക്ക് വന്നു മരിച്ചു പോയി. എന്റെ സഹോദരന്റെ കമ്പിനി ഇവനാ നോക്കി നടത്തുന്നത് ''

മൗനം അവർക്കിടയിൽ ഒരുമറതീർത്തു... ഭാരതി മൗനത്തിനു വിരാമമിട്ടു ...

മറുപടിഒന്നും പറഞ്ഞില്ല കാക്കു സുരേന്ദ്രൻ ഭാര്യയെ വിളിച്ചു.....

'കാർത്തികയെന്നാ അവളുടെ പേര് ഞാൻ കാക്കു എന്നാവിളിക്ക'

ഭാരതിയോട് പറഞ്ഞു .

'എന്താ ഏട്ടാ കാർത്തിക ചോദിച്ചു. നീ രണ്ടു ഗ്ലാസ് ചായ കൊണ്ടുവാ .....'

' ഒന്നും വേണ്ട ഭാരതിപറഞ്ഞു... '

ചേട്ടാ ഇവർ ആരാ ....?

'മോളുടെ കുടെപഠിച്ചതാ ജയദേവൻ, അമ്മ ഭാരതി. '

'ഞാൻമോളെവിളിക്കാം ...'

വേണ്ടാ...

കാർത്തിക സുരേന്ദ്രന്റെ മുഖത്തേക്ക് നോക്കി ..

ആഗ്യഭാഷയിൽ അകത്തേക്ക് പോകാൻ പറഞ്ഞു...

'എന്റെ കൂട്ടുകാരന്റെ മോനുമായ് അവളുടെവിവാഹം ഉറപ്പിച്ചു വച്ചിരിക്കയാണ് പയ്യൻ ഡോക്ടർ ആണ് അവൾക്കറിയില്ല. അടുത്ത മാസം അവരു വരും ഉടനെ വിവാഹം ഉണ്ടാകും...'

ജയദേവന്റെ മനസ്സിലെ ദേവി വിഗ്രഹ

ത്തെആരോ വലിയ ചുറ്റിക കൊണ്ടു തല്ലി ഉടച്ച പോലെ തോന്നി. രണ്ടു പേരും ഒന്നും മിണ്ടാതെ കാറിനടുത്തേക്ക് നടന്നു..

ഗായത്രി ടെറസ്സിൽ തുണി വിരിക്കുമ്പോൾ താഴെ ആരോ ഗെയിറ്റു തുറന്നു പുറത്തേക്ക് പോകുന്നതു കണ്ടു നോക്കിയതാ . ജയേട്ടൻ ആണല്ലോ കൂടെ അമ്മയായിരിക്കും. അമ്മയെ കൂട്ടിവരാമെന്നു പറഞ്ഞിരുന്നതാണല്ലോ ......!

എന്നെ ആരും വിളിച്ചില്ലല്ലോ.. മനസ്സിനോട് സംസാരിച്ചു താഴെ ചെന്നപ്പം അച്ഛൻ.

ഉം എന്താ ?

'ഞങ്ങൾ ഒരുമിച്ചു പഠിച്ചതാ  എന്നെ ഒന്നവിളിക്കാമായിരുന്നില്ലേ '

'നീ പോ എന്റെ അടുത്തു നിന്ന് ...'

അമ്മേ അച്ഛനു എന്താ പറ്റിയേ .....?

'എനിക്കറിയില്ല... '

ഗായത്രി കരഞ്ഞു കൊണ്ട് അവളുടെ മുറിയിലേക്ക് പോയി.. ജീവിതത്തിന്റെ ദിനങ്ങൾ ഓരോന്നായ് കൊഴിഞ്ഞു പോയ്ക്കൊണ്ടിരുന്നു ..

അച്ഛന്റെ ആത്മഹത്യാഭീഷണിക്കു മുൻപിൽ വിവാഹത്തിനു സമ്മതിക്കേണ്ടി വന്നു അച്ഛന്റെ സുഹൃത്തിന്റെ മകൻ ഡോക്ടർ അനിലുമായ് വിവാഹം . ആദ്യരാത്രി തന്നെ കോളേജിൽ വച്ചു തനിക്കുണ്ടായ പ്രണയത്തെ പറ്റി അനിലിനോട് പറഞ്ഞു.

കോളേജിൽ പഠിക്കുന്ന സമയത്തുണ്ടായ പ്രണയമല്ലേ .... സാരമില്ല.. അപ്പോ നമുക്ക് കിടക്കാം അല്ലേ. ഗായത്രി മനസ്സിലുണ്ടായ ഭാരം ഇറക്കി വച്ചതിലുള്ള സന്തോഷത്താൽഅവന്റെ മാറിലേക്ക് ചാഞ്ഞു സന്തോഷകരമായ ദാമ്പത്യമായിരുന്നു. കുട്ടികൾ ഇല്ലാത്ത ദു:ഖം അലട്ടികൊണ്ടിരുന്നുരണ്ടുപേരെയും ......

സാരി ജയദേവനിഷ്ടമുള്ള കളർ തിരഞ്ഞെടുത്തു . തലയിൽ അങ്ങിങ്ങായ് പഞ്ചസാരയിൽ ചായപ്പൊടി വീണപോൽ വെളുത്ത മുടിയെ കൺമഷി കൊണ്ട് കറുപ്പിച്ചു ഡൈഇടാൻ മാത്രം വെളുത്തിട്ടില്ല .

കണ്ണെഴുതി പൊട്ടുതൊട്ടു . ഒന്നൂടെ കണ്ണാടിയിൽ തിരിഞ്ഞു മറിഞ്ഞു നോക്കി ഇരുപതുവർഷങ്ങൾക്കു ശേഷം ഉള്ള സംഗമം ........

കാറ് ഓഡിറ്റോറിയത്തിനു മുൻപിൽ പാർക്ക് ചെയ്തു. കോളേജ് ക്യാമ്പസിലെ അത്തിമരം കാറ്റിൻ കൈകളിൽ ഇലകൾ കൊടുത്തു നഗ്നരായ് യിരുന്നു ......

കൊതിയൂറും മിഴികൾ ജയേട്ടനെ തിരയുകയായിരുന്നു... എല്ലാവരിലും മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. കഷണ്ടി വന്നു മുടിയെല്ലാം പോയവർ . സ്തീകൾ കൂടുതലും തടിവച്ചു പ്രായം തോന്നിക്കും. മിക്കവരും കണ്ണടയെ അഭയം പ്രാപിച്ചവർ ...

. ഗായു എന്നു പറഞ്ഞ് ആരോ മുതുകിൽ തട്ടി തിരിഞ്ഞു നോക്കി അപർണ പഴയകൂട്ടുകാരി .....

' ഗായൂ നിനക്കൊരു മാറ്റവുമില്ലല്ല '

എന്നു പറഞ്ഞ് അവൾ കെട്ടിപിടിച്ചു.

' രണ്ടു പ്രസവത്തോടെ ഞാൻഈപരുവമായി. നിന്റെ വിശേഷംപറ' .

' പ്രത്യേകിച്ചു വിശേഷംഒന്നുമില്ല സുഖമായിരിക്കുന്നു. '

കൂടുതൽ സംസാരിക്കാൻ അവസരം കൊടുത്തില്ല. അടുത്ത അവളുടെ ചോദ്യം ഞാൻ മനസ്സിലാക്കിയിരുന്നു. ഞാനും അനിലും സന്തോഷ ജീവിതത്തിനിടയിൽ ഒളിപ്പിച്ച ഒരു നൊമ്പരം ...

പ്രോഗ്രാംതുടങ്ങി കോഡ് ലെസ് മൈക്കിൽക്കൂടി പരസ്പരം എല്ലാവരും സ്വയം പരിചയപ്പെടുത്തി ജയേട്ടനെ മാത്രം കാണുന്നില്ല. മനസ്സ് അസ്വസ്ഥമായിരുന്നു. അപർണ്ണയോട് തിരക്കി ജയദേവനെ എന്താ കാണുന്നില്ലല്ലയെന്ന് .

'ഞാൻ നിന്നോട്ടു പറയാനിരിക്കയായിരുന്നു. നിന്നെ കാണാൻ വന്നു ഒരു വർഷം കഴിഞ്ഞപ്പംഅമ്മ മരിച്ചു. കൂട്ടുകാർ എല്ലാവരും നിർബന്ധിച്ചു ഒരു വിവാഹം കഴിക്കാൻ .  ജയദേവൻ ഒഴിഞ്ഞുമാറുകയായിരുന്നു.'.

'ഒരു ദിവസം കേട്ട വാർത്ത ജയദേവൻ മരിച്ചുഎന്നാ . ഹാർട്ട് അറ്റാക്ക് .. ഇതൊക്കെ നിന്നെ അറിയിക്കാൻ അഡ്രസ്സോ ഫോൺ നമ്പറോ ഇല്ലായിരുന്നു. ജയദേവന്റെ ഒരു സുഹൃത്ത് എന്റെ വീടിനടുത്തു താമസിക്കുന്നുണ്ട് അയാളെ കാണാൻ വന്നിരുന്നു കൂട്ടത്തിൽ എന്നെയും .. അന്ന് ജയദേവൻ എന്നോട് എല്ലാം

പറഞ്ഞിരിന്നു..'

.'മരിച്ചവാർത്ത ജയദേവന്റെ സുഹൃത്തു പറഞ്ഞാ അറിഞ്ഞത് '

ഇതെല്ലാം കേട്ടിട്ടു ഗായത്രി പുറത്തേക്കിറങ്ങി കോളേജിൽ പഠിക്കുമ്പം അവർ എന്നും സന്ധിക്കാറുള്ള അത്തിമരച്ചുവട്ടിലെ ബഞ്ചിൽ പോയിരുന്നു കരഞ്ഞു കൊണ്ട് മാപ്പ് ...ജയേട്ടാ ...മാപ്പ് ഒരിളം കാറ്റ് വന്ന് അവളെ തഴുകിത്തലോടി കടന്നുപോയ് ആ കാറ്റിനു ജയേട്ടന്റെ സുഗന്ധമായിരുന്നു .......!

# ഓർമകളിലൂടെ ഓടിനടക്കുന്ന ഒരു പുസ്തകം


**ദൈവത്തിന്റെ അടയാളപ്പെടുത്തലുകൾ**

**കെ. വി. വിനോഷ്**



നിത്യാലക്ഷ്മി. എൽ. എൽ

**ഓ**ർമകൾക്ക് എന്നും സുഗന്ധമാണെന്നാണ് പറയാറ്. പക്ഷേ, ഓർമൾ വേദനയും നിലവിളിയും പേടിയും ഒക്കെ അടയാളപ്പെടുത്തി ഇട്ടിരിക്കുകയാണെന്നും അവയെല്ലാം കെട്ട് പിണഞ്ഞു കിടക്കുകയാണെന്നും 'ദൈവത്തിന്റെ അടയാളപ്പെടുത്തലുകളി'ലൂടെ എഴുത്തുകാരൻ കെ. വി. വിനോഷ് പറയുമ്പോൾ നോസ്റ്റാൾജിയകളുടെ നറുമണം മാത്രം പരത്തുന്ന ഓർമകളെന്ന ക്ലീഷേ സങ്കല്പത്തിൽ നിന്ന് നമ്മൾ പുറത്തു കടക്കുകയാണ് ചെയ്യുന്നത്.




അച്ഛന്റെ കൈ പിടിച്ചു കൊണ്ട് ഒരു ബാലൻ പടികൾ ചവിട്ടിക്കയറുന്ന കവർ ചിത്രം ഓർമ്മകളിലൂടെ നമ്മുടെ ഹൃദയത്തിലേക്കുള്ള ചവിട്ടുപടിയായി മാറുന്നു.

ഇടവപ്പാതിയിലെ മഴയോടുള്ള പ്രണയത്തേക്കുറിച്ച് എഴുത്തുകാരൻ പറയുമ്പോൾ, ഏതോ പഴയ തറവാടിന്റെ മട്ടുപ്പാവിലിരുന്ന് മഴ നനയുന്ന അനുഭൂതിയാണ് നമുക്കുണ്ടാവുക.

ഒരു കുടുംബത്തിലെ ഒരു സഹോദരന്റെ ഭാര്യക്ക് മാത്രം കുഞ്ഞുണ്ടായപ്പോൾ, ആ സ്ത്രീയെ അപഹാസ്യയാക്കാൻ കാത്തിരുന്ന സമൂഹത്തിന് ഒരു അടി പോലെ ഭർത്താവിന്റെ അതേ വിക്ക് മകന് ലഭിച്ചത് ദൈവത്തിന്റെ അടയാളപ്പെടുത്തലായി എഴുത്തുകാരൻ കുറിച്ചിടുന്നു.

ഭർത്താവ് തളർന്നു പോയതിന്റെ നിസ്സഹായതയിൽ മറ്റൊരാളുടെ സഹായം സ്വീകരിച്ചു കൊണ്ട് ഭർത്താവിന്റെ സ്ഥാനം കൊടുക്കേണ്ടി വരുന്ന ഒരു സ്ത്രീയുടെ വിഷമാവസ്ഥയും, ഇന്ത്യയുടെ മറ്റൊരു ദിക്കിലെ ഒരു ഗ്രാമത്തിലെ സ്ത്രീകൾ മുഴുവൻ സുരക്ഷിതത്തിന്റെ വലയത്തിൽ ആരെയും പേടിക്കാതെ ജീവിക്കുന്ന സാമൂഹിക അന്തരീക്ഷത്തെയും ഒരേ പുസ്തകത്തിൽ തന്നെ എഴുത്തുകാരൻ നമുക്ക് കാണിച്ചു തരുന്നു.

ഓർമകളിലെ പ്രേതക്കഥകളും, പ്രേതത്തേക്കാൾ അച്ഛമ്മയുടെ പേടി സ്വപ്നമായിരുന്ന ആംബുലൻസിന്റെ ഓർമകളും എഴുത്തുകാരൻ പങ്ക് വയ്ക്കുന്നുണ്ട്. മറക്കാനാവാത്ത ചില യാത്രകളും, ജീവിതത്തിൽ അതിജീവിച്ച ദുരിതാവസ്ഥകളുമെല്ലാം വായനക്കാർക്കും പല പാഠങ്ങളും പറഞ്ഞു തരുന്നു.

പുസ്തകം വായിച്ചു കഴിയുമ്പോൾ, എഴുത്തുകാരന് അച്ഛനോടുള്ള ഇഷ്ടം തന്നെയാണ്, അച്ഛനെ കൈ പിടിച്ചു നടക്കുന്ന ബാലന്റെ ചിത്രം കവർ പേജിൽ വരാൻ കാരണമായതെന്ന് നമുക്ക് മനസിലാകും.

രാജേഷ് ചാലോടിന്റെ കവർ ഡിസൈനും സുരേഷ് കുമാറിന്റെ കവർ പെയിന്റിംഗും കൂടെ എടുത്ത് പറയേണ്ടത് തന്നെയാണ്.

128 പേജുകളിലായി വരിയും വരയും ചേർന്നൊരു വിസ്മയം തന്നെയാണ് കബനി ബുക്സിന്റെ പബ്ലിക്കേഷനിലൂടെ എഴുത്തുകാരൻ കെ. വി. വിനോഷ് നമുക്കായി പങ്ക് വയ്ക്കുന്നത്.